N E R V E E D H I
Volume -12, Issue - 09, 10th September 2023, Monthly, Price ₹ 25, Published at Kottayam
വാല്യം-12, ലക്കം-09, സെപ്തംബർ 2023 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## സംരക്ഷണം അത്യുന്നതന്റെ ചിറകടിയിൽ

പേജ് 4

Editorial

# സമർപ്പണവും സംരക്ഷണവും

ശക്തമായ കൊടുങ്കാറ്റു പോലെ വഷളത്തം ആഞ്ഞടിക്കുന്ന ഒരു കാലഘട്ടമാണിത്. ഇവിടെ നമുക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല സംരക്ഷണം ക്രിസ്തുവാകുന്ന പാറയുടെ പിളർപ്പിൽ അഭയം പ്രാപിക്കുന്നതാണ്. കൊടുങ്കാറ്റിന് തകർക്കാൻ കഴിയാത്ത സംരക്ഷണം ലഭിക്കണമെങ്കിൽ ഈ പാറയെ അന്വേഷിച്ച് കണ്ടെത്തി, ഇടുക്കമാണെങ്കിൽപ്പോലും അതിനുള്ളിൽ മറഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി നമ്മുടെ ഭാഗത്തു നിന്ന് ഒരു തുടക്കം ആവശ്യമാണ്. ഇവിടെ പരാമർശിക്കുന്ന കൊടുങ്കാറ്റ് ആക്ഷരികമല്ല, പ്രത്യുത വഷളത്തമാണ്. മുമ്പെങ്ങും കേട്ടുകേൾവി പോലുമില്ലാത്ത തരത്തിലുള്ള അന്യായവും അധർമ്മവും അടിക്കടി വർധിച്ചു വരികയാണ്.

ആത്മികയാത്ര ചെയ്യുന്നവരെ വീഴിക്കുവാൻ കെണികളും കുടുക്കുകളും കുണ്ടും കുഴിയും ഈ പാതയിൽ ശത്രുവായ സാത്താൻ ഒളിപ്പിച്ചു വച്ചിട്ടുണ്ട്. ദൈവത്തിന്റെ വചനം നമ്മുടെ കാലുകൾക്കു വിളക്കും പാതയ്ക്ക് പ്രകാശവും ആയിരുന്നാൽ മാത്രമേ ഇവകളെ ഒഴിഞ്ഞു സുരക്ഷിതരായി മുന്നേറുവാൻ കഴിയൂ. ക്രിസ്തുവാകുന്ന പാറ നമുക്ക് നല്കപ്പെട്ടിരിക്കുന്നത് എഴുതപ്പെട്ട വചനമായിട്ടാണ്. പാപാന്ധകാരത്തിലൂടെ യാത്ര ചെയ്യുമ്പോൾ ഇത്തരം ചതിക്കുഴികൾ ഒഴിഞ്ഞു പോകുവാൻ ലോകത്തിന്റ വെളിച്ചമായ ക്രിസ്തുവിനോടൊപ്പം നാം യാത്ര ചെയ്യേണ്ടതുണ്ട്. ഇത് നമ്മുടെ ഭാഗത്തു നിന്നും സമാരംഭിക്കേണ്ട സമർപ്പണമാണ്. ഇതിനു നാം മുൻകൈ എടുക്കുക എന്നതാണ് സംരക്ഷണം ലഭിക്കുവാനുള്ള വ്യവസ്ഥ.

കുട കൈവശം ഉണ്ട് എന്നതുകൊണ്ട് മാത്രം മഴയിൽ നിന്നോ, വെയിലിൽ നിന്നോ സംരക്ഷണം ലഭിക്കുകയില്ലല്ലോ! ആയതുപോലെ ദൈവം സംരക്ഷകനാണ് എന്ന അറിവുകൊണ്ട് മാത്രം ആർക്കും ദൈവികസംരക്ഷണം അനുഭവമാവുകയില്ല. ദൈവമാണ് നമുക്കും ചുറ്റും പരിചയായി നമ്മെ സംരക്ഷിച്ചു വിജയം നൽകുന്നത്( സങ്കീർത്തനങ്ങൾ 3:3). നാം പരിച ഉപയോഗിച്ചാൽ ഒരു വശത്തു മാത്രമേ സംരക്ഷണം ലഭിക്കുകയുള്ളൂ. കാരണം നാലുപാടും പരിച ഉപയോഗിക്കുവാൻ നമുക്ക് പരിമിതിയുണ്ട്. അത് ദൈവത്തിനു മാത്രമേ സാധ്യമാവുകയുള്ളൂ.

മയക്കുമരുന്ന്, ലഹരിവസ്തുക്കൾ, അസന്മാർഗ്ഗികജീവിതം, ആഡംബരം, ധൂർത്ത്, ദ്രവ്യാഗ്രഹം, വിവാഹേതരബന്ധങ്ങൾ, കൊലപാതകം, എന്നിങ്ങനെ പറഞ്ഞാൽ തീരാത്ത പേരുകളിലാണ് ഈ ചതിക്കുഴികൾ വാർത്തകളിൽ നിറയുന്നത്. ലോകം , ജഡം, പിശാച്. (ജഡമോഹം, കാണ്മോഹം, ജീവനത്തിന്റെ പ്രതാപം) എന്നിവയാണ് ആത്മികജീവിതത്തെ പ്രലോഭിപ്പിക്കുന്നതും നാം ജയം പ്രാപിക്കേണ്ടതുമായ മേഖലകൾ. നാം നമ്മെത്തന്നെ സമർപ്പിക്കുന്ന പക്ഷം സംരക്ഷണം നൽകുവാൻ നമ്മുടെ കർത്താവു സദാ സന്നദ്ധനാണ്. ഈ ലക്കത്തിലെ സന്ദേശം ദൈവം തരുന്ന സംരക്ഷണത്തെക്കുറിച്ചും അതിനായി നമ്മെ സമർപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്.

ലൗകികതയെ, അതായതു ലോകത്തിന്റെ സംവിധാനങ്ങളെ പൂർണ്ണമായും പിന്തള്ളിക്കൊണ്ടു മാത്രമേ നിത്യതയിലേക്കുള്ള ആത്മിക യാത്രയിൽ മുന്നേറുവാൻ സാധിക്കുകയുള്ളൂ. നാമാരും ലക്ഷ്യപ്രാപ്തിയിൽ എത്തിയെന്നല്ല, ക്രിസ്തുയേശു എന്തിനുവേണ്ടി നമ്മെ അവിടത്തെ അനുഗാമിയാക്കിയോ ആ പരിപൂർണതയിൽ എത്തിച്ചേരാൻ പരിശ്രമിക്കുക മാത്രമാണ് നാം ചെയ്യേണ്ടത്. നമുക്ക് ഒരേയൊരു ലക്ഷ്യമേയുള്ളൂ, കഴിഞ്ഞതൊക്കെ മറന്ന് മുമ്പിലുള്ളതുമാത്രം ലക്ഷ്യമാക്കി ദൈവം ക്രിസ്തുയേശുവിൽ നമ്മെ വിളിച്ച സ്വർഗീയവിളിയുടെ പുരസ്കാരം നേടുന്നതിനായി ലക്ഷ്യത്തിലേക്ക് ഓടുക. അതിനായി ഉത്സാഹിപ്പിച്ചു കൊണ്ട് ഈ ലക്കം മാസിക പ്രാർത്ഥനയോടെ വായനക്കാർക്കായി സമർപ്പിക്കുന്നു.

പുസ്തകം 12 ലക്കം 9
സെപ്തംബർ 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**സംരക്ഷണം അത്യുന്നതന്റെ ചിറകടിയിൽ** 4
ജോയ് എം. തോമസ്

**ഉയരത്തിലെ ജ്ഞാനത്തെ വിവേചിക്കുക** 7
സാജു മാത്യു

**പ്രാർത്ഥനയ്ക്കുള്ള സ്ഥാനം** 9
ജോർജ് മാത്യു, പുതുപ്പള്ളി

**പൗലോസിന്റെ കൂട്ടുവേലക്കാർ** 11
ചെയ്സ് ജോസഫ്

**അനുതപിച്ചാൽ ശുദ്ധീകരിക്കുന്ന ദൈവം** 14
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**പോർക്കള മേടുകളിൽ...** 19

**പെരുമാറ്റത്തിലെ മര്യാദകൾ ...!** 20
ജോൺസൺ കടമ്പനാട്

**വനിതാ വീഥി** 22

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**ആത്മബന്ധം തുടങ്ങുന്നതിനും തുടരുന്നതിനും** 29

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം. തോമസ്

# സംരക്ഷണം അത്യുന്നതന്റെ ചിറകടിയിൽ

ദൈവം അവിടുത്തെ മക്കൾക്ക് നൽകുന്ന സംരക്ഷണത്തെക്കുറിച്ച് വിശുദ്ധബൈബിൾ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. ഭയരഹിതരായി സമാധാനത്തോടെ ജീവിക്കുവാൻ ഒരു ദൈവ പൈതലിനെ സഹായിക്കുന്നത് ദൈവം നൽകുന്ന സംരക്ഷണത്തെക്കുറിച്ചുള്ള ബോധ്യത്താലാണ്. മാനസിക സമ്മർദ്ദം വർദ്ധിക്കുകയും വിവിധതരത്തിൽ ഭയം മനസ്സിന് ആഘാതം ഏൽപ്പിക്കുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ധൈര്യപ്പെടുന്നതിനും സമാധാനം ഹൃദയത്തിൽ നിലനിർത്തുന്നതിനും ദൈവം നൽകുന്ന സംരക്ഷണത്തെക്കുറിച്ച് നാം ഉറപ്പുള്ളവരായിരിക്കണം.

ദൈവത്തിന് സമർപ്പിതരായി ദൈവത്തിന്റെ വഴിയിൽ നടക്കുക എന്നതാണ് നാം ചെയ്യേണ്ടത്. നമ്മുടെ സമർപ്പണത്തിൽ നിന്നും പിന്നോട്ടുപോയിട്ടില്ല എന്ന് ഓരോ ദിവസവും നാം ഉറപ്പ് വരുത്തണം. ദൈവം നമ്മെ സംരക്ഷിക്കുന്നതിനുള്ള ഉദാഹരണമായി നമ്മുടെ കർത്താവ് പറയുന്നത്: 'കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ' എന്നാണ്. ആ വചനം ഇവിടെ ഉദ്ധരിക്കുന്നു 'യെരുശലേമേ, യെരുശലേമേ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ; കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്തു കൊള്ളുവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു. നിങ്ങൾക്കോ മനസായില്ല' (മത്തായി 23: 37).

കോഴി അതിന്റെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതും സംരക്ഷിക്കുന്നതും ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്ന കാര്യം ആണല്ലോ. ദൈവത്തിന്റെ പ്രവർത്തനരീതികൾ അവിടുത്തെ സൃഷ്ടികളിൽ കൂടി നമുക്ക് പഠിക്കുവാൻ കഴിയുന്നു. കോഴി കുഞ്ഞുങ്ങളുമായി നടക്കുമ്പോൾ എപ്പോഴും അതിന്റെ കൂടെ നിർത്തുവാൻ വിളിച്ചുകൊണ്ടിരിക്കും. തള്ളക്കോഴിയോടുള്ള പ്രതികരണം ആയിട്ടായിരിക്കണം കുഞ്ഞുങ്ങളും ഒരുതരത്തിലുള്ള ശബ്ദം പുറപ്പെടുവിച്ചു കൊണ്ടാണ് കൂടെ നടക്കുന്നത്. തള്ളക്കോഴിക്കും കുഞ്ഞുങ്ങൾക്കും തമ്മിൽ നല്ല ഒരു ആശയവിനിമയം ഉണ്ടെന്നുള്ളതാണ് വാസ്തവം. ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

ദൈവവും ആയിട്ടുള്ള നിരന്തര ബന്ധമാണ് നമ്മെ അവിടുത്തെ സംരക്ഷണവലയത്തിൽ നിലനിർത്തുന്നത്. അമ്മ കൂടെ ഉണ്ടെന്നുള്ളത് അമ്മയുടെ ശബ്ദം ശ്രദ്ധിക്കുന്നതിനാൽ കുഞ്ഞുങ്ങൾ തിരിച്ചറിയുകയും ഭയരഹിതരായി തീറ്റ തിന്നുകൊണ്ട് നടക്കുകയും ചെയ്യുന്നു. അല്പം അകലെ അവ പോകുന്നു എന്ന് തോന്നുമ്പോൾ അമ്മ അവയെ അരികത്തേക്ക് വിളിക്കുന്നു. എന്തെങ്കിലും അപകടസൂചന ലഭിച്ചാൽ അമ്മ ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ച് അവയ്ക്ക് സൂക്ഷ്മതയ്ക്കുള്ള മുന്നറിയിപ്പ് കൊടുക്കുന്നു. അപ്പോൾ അവ ഓടി അമ്മയുടെ അടുത്തേക്ക് ചേർന്ന് വരികയും അവയ്ക്ക് സംരക്ഷണം ഉറപ്പുവരുത്തുവാൻ അമ്മ ചിറകിൻ കീഴിൽ

ചേർത്ത് മറയ്ക്കുകയും ചെയ്യുന്നു. ദൈവം നമ്മെ സംരക്ഷിക്കുന്നതും ഇപ്രകാരമാണ്.

കോഴിക്കുഞ്ഞിനെ റാഞ്ചുവാൻ പരുന്ത് വട്ടമിട്ടു പറക്കുന്നതുപോലെ പിശാച് നമ്മെ വീഴ്ത്തുവാൻ ഉന്നം വെച്ച് ചുറ്റിത്തിരിയുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പത്രോസ് അപ്പോസ്തലനിലൂടെ ഇപ്രകാരം പരിശുദ്ധാത്മാവ് നമ്മെ ഓർമിപ്പിക്കുന്നു: 'നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ, നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദര വർഗ്ഗത്തിന് ആവക കഷ്ടപ്പാടുകൾ തന്നെ പൂർത്തിയായി വരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരതയുള്ളവരായി അവനോട് എതിർത്ത് നിൽപ്പിൻ'(1 പത്രോസ് 5: 8, 9)

പിശാചിനോട് എതിർത്തു നിൽക്കുന്നതിൽ നാം ശ്രദ്ധാലുക്കൾ ആയിരിക്കണം. പിശാചിനോട് എതിർത്തുനിൽക്കുന്നത് കോഴിക്കുഞ്ഞു അമ്മയുടെ ചിറകിൻ കീഴിൽ അഭയം തേടുന്നതുപോലെ ദൈവത്തോട് ചേർന്ന് വരുന്നതിനാൽ ആണ്. നമ്മുടെ ജീവിതത്തിന്റെ ഏതെല്ലാം മേഖലകളിൽ ദൈവത്തിൽ നിന്നും അകൽച്ച സംഭവിച്ചിട്ടുണ്ട് എന്നതാണ് ആത്മാർത്ഥതയോടെ ഓരോരുത്തരും സ്വയം പരിശോധിക്കേണ്ടത്. ദൈവത്തോട് അടുത്തുവരുന്നത് പിശാചിനോടുള്ള ചെറുത്തുനിൽപ്പാണ്. യാക്കോബ് 4 : 7, 8-ൽ പറയുന്നു: 'ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തുനിൽപ്പിൻ, എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപ്പോകും. ദൈവത്തോട് അടുത്തുചെല്ലുവിൻ എന്നാൽ അവൻ നിങ്ങളോട് അടുത്ത് വരും'.

അമ്മക്കോഴി കുഞ്ഞുങ്ങൾക്ക് അപകടസൂചന നൽകുന്നതുപോലെ ദൈവം തന്റെ മക്കൾക്ക് മുന്നറിയിപ്പ് നൽകാറുണ്ട്. അത് നമ്മെ ഭയപ്പെടുത്തുവാൻ അല്ല. പ്രത്യേകാൽ നമ്മെ അവിടുത്തോട് ചേർത്ത് നിർത്തുവാൻ ആണ്. ദൈവം നമുക്ക് നൽകുന്ന സുരക്ഷ, വീഴ്ച ഇല്ലാത്തതാണ്. സങ്കീർത്തനത്തിൽ ഇപ്രകാരം പാടിയിരിക്കുന്നു 'നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കുകയില്ല, നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല. ഇസ്രായേലിന്റെ പരിപാലകൻ മയങ്ങുകയുമില്ല ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ, യഹോവ വലതുഭാഗത്ത് നിനക്ക് തണൽ. പകൽ സൂര്യനെങ്കിലും രാത്രി ചന്ദ്രനെങ്കിലും നിന്നെ ബാധിക്കുകയില്ല. യഹോവ ഒരു ദോഷവും തട്ടാതെ നിന്നെ പരിപാലിക്കും. അവൻ നിന്റെ പ്രാണനെ പരിപാലിക്കും'(സങ്കീർത്തനങ്ങൾ 121 :3 - 7)

അമ്മയുടെ മുന്നറിയിപ്പുകൾ കേൾക്കുവാൻ കഴിയാതെ അമ്മയിൽ നിന്നും വളരെ ദൂരെ പോയ കുഞ്ഞിനും, അമ്മ നൽകിയ അപകടസൂചന അവഗണിച്ച് അമ്മയുടെ ചിറകിൻ കീഴിൽ അഭയം പ്രാപിക്കുവാൻ കഴിയാതെ പോയ കുഞ്ഞിനും, അമ്മയുടെ സംരക്ഷണം ലഭിക്കില്ല. അത് അപകടത്തിൽപ്പെട്ടു നശിക്കുവാൻ കാരണമാകും. ദൈവത്തിൽ നിന്ന് അകന്നു പോകുന്നത് അപകടത്തിലേക്ക് ആണ്. അത് മനസ്സിലാക്കിയ ആസാഫ് പറഞ്ഞത്: എന്നാൽ 'ദൈവത്തോട് അടുത്തിരിക്കുന്നത് എനിക്ക് നല്ലത്'(സങ്കീർത്തനങ്ങൾ 73:28). ഈ വചനം ഹൃദയത്തിൽ നാം കുറിച്ചിടണം.

സർവ്വശക്തന്റെ ചിറകടിയിൽ അഭയം പ്രാപിച്ചവർക്ക് 'ദൈവം അവരുടെ സങ്കേതവും കോട്ടയും ആണ്. അവർക്ക് നൽകുന്ന സുരക്ഷയെക്കുറിച്ച് : 'അവൻ നിന്നെ വേട്ടക്കാരന്റെ കെണിയിൽ നിന്നും നാശകരമായ മഹാമാരിയിൽ നിന്നും വിടുവിക്കും. തന്റെ തൂവലുകൾ കൊണ്ട് അവൻ നിന്നെ മറയ്ക്കും. അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും. അവന്റെ വിശ്വസ്തത നിനക്ക് പരിചയും പലകയും ആകുന്നു. രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന മഹാമാരിയെയും ഉച്ചയ്ക്ക് നശിപ്പിക്കുന്ന സംഹാരത്തെയും നിനക്ക് പേടിപ്പാനില്ല. നിന്റെ വശത്ത് ആയിരം പേരും നിന്റെ വലതുവശത്ത് പതിനായിരം പേരും വീഴും, എങ്കിലും അത് നിന്നോട് അടുത്ത് വരികയില്ല' (സങ്കീർത്തനങ്ങൾ 91:3 - 7) എന്നു ഉറപ്പായി പറഞ്ഞിരിക്കുന്നു.ദൈവം തന്റെ മക്കൾക്ക് നൽകിയിരിക്കുന്ന സുരക്ഷയുടെ കവചം വളരെ ശക്തമായതാണ്. പിശാചിന് അത് ഭേദിക്കുവാൻ കഴിയുന്നതല്ല. ഈ ഉറപ്പ് നമുക്ക് ഓരോരുത്തർക്കും ഉണ്ടായിരിക്കണം. ശത്രുവായ പിശാചിന്റെ പോർവിളികൾ കേട്ട് ഭയപ്പെടരുത്. വിശ്വാസത്തിൽ ഉറപ്പുള്ളവരായി അവനോട് എതിർത്തു നിൽക്കണം.

പ്രാർത്ഥനയാണ് ദൈവവുമായുള്ള നമ്മുടെ ആശയവിനിമയ ഉപാധി. അത് ശക്തമായിരിക്കണം.'ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങ

ളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോട് അറിയിക്കുക അത്രേ വേണ്ടത്. എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവു കളെയും ക്രിസ്തുയേശുവിൽ കാക്കും'(ഫിലി പ്പിയർ 4:6,7) എന്നത് ജീവിതത്തിൽ പകർത്തു വാൻ നമുക്ക് സാധിക്കണം. ഹൃദയം തുറന്ന്, പ്രാർത്ഥിച്ച്, ഭാരങ്ങൾ ദൈവത്തിനു സമർപ്പിക്കു ന്നവർക്കേ ഹൃദയം നിറഞ്ഞ സമാധാനം അനു ഭവിക്കുവാൻ ഇടയാവുകയുള്ളൂ.

നമുക്ക് ഏറ്റവും ഉത്തരവാദിത്തപ്പെട്ട പിതാ വാണ് ദൈവം. ദൈവം നമ്മെ ഒരുനാളും മറക്കു ന്നില്ല. തന്റെ ദൃഷ്ടികൾ എപ്പോഴും നമ്മുടെ മേൽ ഉണ്ട്. ഈ വരികൾ വായിക്കുന്ന നിങ്ങൾ ഏത് സാഹചര്യത്തിൽ ആയിരിക്കുന്നു എന്ന് അവി ടുന്ന് അറിയുന്നു.

അവിടുത്തെ അടുത്തേക്ക് ചേർന്ന് വരിക, ഭാരങ്ങൾ ഇറക്കി വയ്ക്കുക. അവിടുത്തെ സമാ ധാനം ഏറ്റെടുത്ത് ഉറപ്പും ധൈര്യവും ഉള്ളവരാ വുക. അവിടുത്തെ ചിറകടിയിൽ മറഞ്ഞിരിക്കുന്ന വർ സുരക്ഷിതർ! ഭയരഹിതരായി സമാധാനവും സന്തോഷവും ഉള്ളവർ ആയിരിക്കുവാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. •

# സ്തുതി വിനയത്തിന്റെ പ്രകടനം...

മനുഷ്യജീവിതം കഷ്ടപ്പാടുകളുടെയും ഐശ്വര്യത്തിന്റെയും സമ്മിശ്രമാണ്. നാമെല്ലാവരും ഇതിൽ ഏതെങ്കിലും ഒരനുഭവത്തിൽക്കൂടിയാണ് കടന്നു പോകുന്നത്. യാക്കോബ് പറയുന്നു: കഷ്ടതയിൽ നാം പ്രാർത്ഥിക്കുകയും അനുഗ്രഹിക്കപ്പെടുമ്പോൾ സ്തുതിക്കുകയും വേണം. കഷ്ടതയുടെ സമയങ്ങളിൽ നാം പ്രാർത്ഥിക്കുന്നു, അപ്പോൾത്തന്നെ ആകുലപ്പെടുകയും പരിഭ്രമിക്കുകയും ചെയ്യുന്നു! നമ്മുടെ പ്രാർത്ഥനകളിൽ ഭൂരിഭാഗവും ഉത്ഭവിക്കുന്നത് ഭയത്തിൽ നിന്നും ഉത്കണ്ഠയിൽ നിന്നുമാണ്. എന്നിരുന്നാലും, നാം വിശ്വസിക്കാനും പ്രാർത്ഥിക്കാനും ദൈവം ആഗ്രഹിക്കുന്നു. ഓർമ്മിക്കുക, വിശ്വാസവും ഉത്കണ്ഠയും ഒരിക്കലും ഒരുമിച്ച് പോകുന്നില്ല. അവ പരസ്പരവിരുദ്ധമാണ്! (ഭയവും ആശങ്കയും സഹോദരങ്ങളാണ്.) നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്ക് വിഷമിക്കാനാവില്ല, നിങ്ങൾ വിഷമിച്ചാൽ നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയില്ല. നിങ്ങൾ കഷ്ടപ്പെടുമ്പോൾ, നിങ്ങളെക്കുറിച്ച് കരുതലും സ്നേഹവുമുള്ള, നിങ്ങളെ സഹായിക്കാൻ കഴിവുള്ള ഒരു ദൈവത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങളുടെ പ്രാർത്ഥനകൾ ഉത്ഭവിക്കുന്നത് ആശങ്കയിൽ നിന്നോ ഭയത്തിൽ നിന്നോ അല്ല, വിശ്വാസത്തിൽ നിന്നാണ്.

നാം അനുഗ്രഹിക്കപ്പെടുമ്പോൾ ദൈവത്തിനു നന്ദി പറയുവാനും ദൈവത്തിൽ പ്രശംസിക്കുവാനും വചനം ആവശ്യപ്പെടുന്നു! നന്ദിയുള്ള ഹൃദയത്തിന്റെ സ്വതസിദ്ധമായ പ്രകടനമാണ് സ്തുതി. നാം കഷ്ടതയിൽ ആയിരിക്കുമ്പോൾ പ്രാർത്ഥിക്കുന്നു. എന്നാൽ നാം അനുഗ്രഹിക്കപ്പെടുമ്പോൾ കർത്താവിന് നന്ദി പറയാൻ മറക്കുന്നു. മരുഭൂമിയിൽ ഇസ്രായേൽ ജനത്തിന് നൂറുകണക്കിന് അനുഗ്രഹങ്ങൾ ലഭിച്ചു. അവരുടെ യാത്രയിൽ പിന്നെയും ഒരുപാട് വിഷമങ്ങൾ അവർക്കു നേരിടേണ്ടി വന്നു. തങ്ങളുടെ ജീവിതത്തിൽ പലതവണ ദൈവത്തിന്റെ കരുതലിനും സ്നേഹത്തിനും ശക്തിക്കും അവർ സാക്ഷ്യം വഹിച്ചെങ്കിലും, അവർ പ്രാർത്ഥിക്കുന്നതിനു പകരം പലപ്പോഴും പിറുപിറുത്തു. ദൈവം അവരെ വിടുവിച്ചപ്പോൾ അവർ ഒരിക്കലും ദൈവത്തോട് നന്ദിയും പറഞ്ഞില്ല! അവർ നന്ദികെട്ട ജനങ്ങളായിരുന്നു. സ്തുതി വിനയത്തിന്റെ പ്രകടനമാണ്. അനുഗ്രഹങ്ങൾക്കായി നാം ദൈവത്തെ സ്തുതിക്കുമ്പോൾ അനുഗ്രഹത്തിന്റെ ക്രെഡിറ്റ് മുഴുവൻ ദൈവത്തിന് നൽകുന്നു. പ്രാർത്ഥിക്കുന്ന മനുഷ്യൻ എളിമയുള്ള മനുഷ്യനാണ്. കാരണം തനിക്ക് ഒരു സാഹചര്യത്തെയും സ്വന്തമായി നേരിടാൻ കഴിയില്ലെന്ന് അവൻ സമ്മതിക്കുന്നു. സ്തുതിക്കുന്ന മനുഷ്യനും താഴ്മയുള്ളവനാണ്. കാരണം തനിക്ക് ലഭിച്ചതിന് താൻ അർഹനല്ലെന്ന് അവൻ സമ്മതിക്കുന്നു! •



സാജു മാത്യു

# ഉയരത്തിലെ ജ്ഞാനത്തെ വിവേചിക്കുക

ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമത് നിർമലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽ ഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതും ആകുന്നു (യാക്കോബ് 3: 17).

ഒരു സന്യാസിയും അയാളുടെ ശിഷ്യനും അന്യോന്യം സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്ന് ഒരുവൻ അവരുടെ ഇടയിൽ കയറിവന്നു. പ്രകോപനമൊന്നുമില്ലാതെ ആഗതൻ സന്യാസിയെ ചീത്തവിളിക്കാൻ തുടങ്ങി. കേട്ടുനിന്നാൽ സഹിക്കാൻ കഴിയാത്തത്ര കഠിനമായ ചീത്തവിളി. സന്യാസി സമചിത്തതയോടെ എല്ലാംകേട്ട് പുഞ്ചിരിച്ചുകൊണ്ടു നിന്നു. ശിഷ്യന് ഇതുകേട്ടിട്ട് ഒട്ടും സഹിക്കാൻ കഴിയുമായിരുന്നില്ല. എങ്കിലും ഗുരുവിനെ മറികടന്ന് ഒന്നും പറയാൻ കഴിയാതിരുന്നതിനാൽ അയാൾ ദേഷ്യമടക്കി അസ്വസ്ഥതയോടെ നിന്നു. ഒടുവിൽ നിലത്ത് ദേഷ്യത്തോടെ ചവിട്ടി കാർക്കിച്ചു തുപ്പിക്കൊണ്ട് വന്നവൻ തിരികെപ്പോയി. ഗുരു അപ്പോഴും ശാന്തതയോടെ നിന്നു...

''അല്ല ഗുരോ, ഒരു കാരണവുമില്ലാതെ അയാൾ ഇത്രയേറെ ചീത്തവിളിച്ചിട്ടും എന്തുകൊണ്ട് അങ്ങ് യാതൊരു രീതിയിലും പ്രതികരിക്കാതെ അയാളെ വെറുതെ വിട്ടത്?''ശിഷ്യന് സംശയം അടക്കാൻ കഴിഞ്ഞില്ല.

"ഞാൻ പ്രതികരിച്ചല്ലോ..." ഗുരു പറഞ്ഞു.

"എപ്പോൾ? അങ്ങ് ഒന്നും സംസാരിക്കാതെ സൗമ്യനായി നില്ക്കയായിരുന്നില്ലേ?" ശിഷ്യൻ ചോദിച്ചു.

''അതെ... അങ്ങനെയാണു ഞാൻ പ്രതികരിച്ചത്. എന്റെ സൗമ്യതകൊണ്ടാണ് അദ്ദേഹത്തിന്റെ ദുരാരോപണങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞത്!'', ഗുരു പറഞ്ഞു. ശിഷ്യന് അത് അംഗീകരിക്കാൻ പ്രയാസമായിരുന്നുവെന്ന് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ...

ശിഷ്യനെ പഠിപ്പിക്കാൻ ഗുരു ഒരു പ്രായോഗിക ക്ലാസെടുത്തു. ഒരു സ്വർണനാണയമെടുത്ത് ശിഷ്യന്റെ നേരെ നീട്ടി. ''എന്റെ കൈയിലിരിക്കുന്ന ഈ സ്വർണനാണയം ഇപ്പോൾ ആരുടെ വകയാണ്?" ഗുരു ചോദിച്ചു.

"തീർച്ചയായും അത് അങ്ങയുടെ വകയാണ്. അത് അങ്ങയുടെ കൈയിലല്ലേ ഇരിക്കുന്നത്", ശിഷ്യൻ പറഞ്ഞു. "ഞാൻ ഇതു നിനക്കു തരുമ്പോൾ നീ അത് വാങ്ങിയാൽ പിന്നീട് അത് ആരുടെ വകയായിരിക്കും?", ഗുരു ചോദിച്ചു.

"ഞാൻ അതു വാങ്ങിയാൽ പിന്നീട് അത് എന്റെ വകയാകും, എന്ത് സംശയം?" ശിഷ്യൻ പറഞ്ഞു.

"ഞാൻ അതു നിനക്കു തരുമ്പോൾ നീ അത് വാങ്ങിയില്ലെങ്കിലോ?", ഗുരു വീണ്ടും ചോദിച്ചു.

''വാങ്ങിയില്ലെങ്കിൽ അത് എങ്ങനെയാണ് എന്റേതാകുക? അത് അങ്ങയുടെതായിരിക്കും", ശിഷ്യൻ പറഞ്ഞു.

സ്വർണനാണയത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഏതു കാര്യത്തിലും ഇതു ശരിയാണ്. ഒരാൾ നമ്മെ ചീത്തവിളിച്ചാൽ നാമത് ഏറ്റെടുത്ത്

പ്രതികരിച്ചാൽ അയാൾ വിളിച്ച ചീത്ത മുഴുവൻ നമ്മുടെ കൂടെ പോരും. അത് നമ്മൾ ഏറ്റെടുക്കുന്നില്ലെങ്കിൽ അതു വിളിച്ച ആളിലേക്ക് മടങ്ങിപ്പൊയ്ക്കൊള്ളും... ഇനി ആരെങ്കിലും നിങ്ങളെ ചീത്തവിളിക്കുമ്പോൾ വെറുതെ കേറിയേൽക്കേണ്ട.

യേശുവിന്റെ വാക്കുകൾ ശ്രദ്ധിക്കൂ: "നിങ്ങൾ ഏതു വീട്ടിലെങ്കിലും ചെന്നാൽ 'ഈ വീട്ടിനു സമാധാനം' എന്ന് ആദ്യം പറയുവിൻ. അവിടെ ഒരു സമാധാനപുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്റെമേൽ വസിക്കും. ഇല്ലെന്നു വരികിലോ നിങ്ങളിലേക്കു മടങ്ങിപ്പോരും'' (ലൂക്കോസ് 10: 5,6).

ജ്ഞാനത്തിന്റെ ലക്ഷണം വാഗ്വാദമല്ല, സൗമ്യതയാണെന്ന് യാക്കോബ് നമ്മുടെ വേദഭാഗത്തു പറയുന്നു.

"നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ...(യാക്കോബ് 3:13).

''ജ്ഞാനലക്ഷണമായ സൗമ്യത'' എന്ന പ്രയോഗം ശ്രദ്ധിക്കുക. വാസ്തവത്തിൽ "ജ്ഞാനത്തിന്റെ സൗമ്യത" എന്നാണു തർജ്ജമ. സൗമ്യത എന്നത് ജ്ഞാനത്തിന്റെ ലക്ഷണം മാത്രമല്ല; ജ്ഞാനത്തിന്റെ ഫലവും കൂടെയാണ്. അതായത്, ജ്ഞാനമുണ്ടെങ്കിൽ സൗമ്യതയുണ്ടായിരിക്കും. നാം പറയാറില്ലേ, കായ്ഫലമുള്ള കൊമ്പുകൾ എപ്പോഴും തലകുനിച്ചു നിൽക്കുമെന്ന്! ഫലശൂന്യമായ കൊമ്പുകളാണ് മുകളിലേക്കു മുഷ്ടിചുരുട്ടി നിൽക്കുന്നത്. ''നിറകുടം തുളുമ്പുന്നില്ല'' എന്നൊരു പഴഞ്ചൊല്ലും നമുക്കുണ്ട്. വെറുതെ വായിട്ടലയ്ക്കുന്നവരെ ശ്രദ്ധിച്ചാലറിയാം; അവർക്ക് ഉള്ളിൽ കാമ്പുണ്ടാവുകയില്ല.

യാക്കോബിന്റെ ലേഖനത്തിലുടനീളം പ്രായോഗികജീവിതത്തിന് വലിയ പ്രധാന്യം കൊടുക്കുന്നുണ്ട്. ഒന്നും രണ്ടും അധ്യായങ്ങളിൽ വിശ്വാസത്തിന്റെ പ്രായോഗികതയ്ക്കാണ് പ്രാധാന്യം കൊടുത്തതെങ്കിൽ, ഇവിടെ ജ്ഞാനത്തിന്റെ പ്രായോഗികതയ്ക്കാണ് പ്രാധാന്യം. കാരണം, ഇതു രണ്ടും ആന്തരിക ഗുണവിശേഷമാണെന്ന പഠിപ്പിക്കൽ അന്നും (ഇന്നും) സഭ നേരിടുന്ന ഒരു ദുരന്തമാണ്. "ഞാനൊരു വിശ്വാസി"യാണ് എന്ന് ആർക്കും വിളിച്ചുപറയാം. അതിനവർ പറയുന്ന കാരണം, "ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു, ബൈബിളിൽ വിശ്വസിക്കുന്നു, സ്വർഗത്തിലും നരകത്തിലും വിശ്വസിക്കുന്നു..." എന്നൊക്കെയാവാം. എന്നാൽ യാക്കോബ് പറയുന്നു; "അതൊക്കെ പിശാചുക്കളും വിശ്വസിക്കുന്നുണ്ട്... വ്യർഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലം" (യാക്കോബ് 2: 17–20).

''വിശ്വാസി'' എന്നതുപോലെ ഒരാൾക്ക് ഞാനൊരു 'ജ്ഞാനി'യാണെന്നും വേണമെങ്കിൽ വിളിച്ചുപറയാം. എന്തുകൊണ്ട് നിങ്ങൾ ജ്ഞാനിയാണെന്നു ചോദിച്ചാൽ, എനിക്കു പലഭാഷകളറിയാം, പ്രകൃതിയെപ്പറ്റി മിക്കവാറും എല്ലാ കാര്യങ്ങളും എനിക്കറിയാം, വാനഗോളങ്ങളുടെ ചലനക്രമം എനിക്കു കാണാപ്പാഠമാണ്, മതങ്ങൾ പഠിപ്പിക്കുന്നതൊക്കെ ഞാൻ വിവരിച്ചു പഠിച്ചിട്ടുണ്ട്" എന്നൊക്കെ ഒരാൾ പറഞ്ഞേക്കാം...

എന്നാൽ യാക്കോബ് പറയുന്നത്; "നിന്റെ ജ്ഞാനം സൗമ്യതയുള്ള നിന്റെ നല്ല നടപ്പിൽ നിന്റെ പ്രവൃത്തികളാൽ കാണിക്ക" (യാക്കോബ് 3:13) എന്നാണ്. ജോൺ ന്യൂട്ടൺ പറഞ്ഞ ഒരു കാര്യം ഇവിടെ പ്രസക്തമാണ്. ഒരാൾക്ക് ചൂലിന്റെ 20 പര്യായപദങ്ങളും അവയുടെ ലാറ്റിൻ, സ്പാനിഷ്, ഡച്ച്, ഗ്രീക്ക് പേരുകളും ഒക്കെ അറിയാമായിരിക്കാം... അയാളാണോ ജ്ഞാനി? എന്റെ വീട്ടുവേലക്കാരിക്ക് ചൂലിന്റെ ഒരു പര്യായപദങ്ങളും അറിയില്ല... ആകെ അവർക്കറിയാവുന്നത് "ചൂല്" എന്ന പേരുമാത്രം. എന്നാൽ അവർക്ക് നന്നായി വീടും മുറ്റവും അടിച്ചുവാരാനറിയാം... ഏതാണു ജ്ഞാനം എന്നു നിങ്ങൾ തീരുമാനിക്കുക.

ഭൂമിയിലെ സകല ജ്ഞാനത്തിനും വ്യത്യസ്തമായ രണ്ട് 'ഉറവു'കൾ ഉണ്ടാവും എന്നു യാക്കോബ് പറയുന്നു. **ഒന്ന്:** ഉയരത്തിൽ നിന്നുള്ള ജ്ഞാനം (wisdom that comes down from above). **രണ്ട്:** ഭൂമിയിൽ നിന്നുള്ള ജ്ഞാനം (earthly wisdom) (യാക്കോബ് 3:15).

ഇതിന്റെ രണ്ടിന്റെയും വ്യത്യാസം അറിയാൻ അത്ര പ്രയാസമൊന്നുമില്ല. ഈ ജ്ഞാനം നിങ്ങളിൽ ഉളവാക്കുന്ന വികാരങ്ങൾ വിശകലനം ചെയ്താൽ മതി. ഭൂമിയിൽനിന്നുള്ള ജ്ഞാനമാണ് നിങ്ങളെ നിയന്ത്രിക്കുന്നതെങ്കിൽ നിങ്ങളുടെ ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടായിരിക്കും. വിശകലനം ചെയ്യാൻ വളരെ എളുപ്പമാണ്. ഇപ്പോൾ എന്നെ നിയന്ത്രിക്കുന്നത് എന്റെ സഹോദരനോടുള്ള സ്നേഹമാണോ,

ശേഷം പേജ് 28 ▶



ജോർജ് മാത്യു, പുതുപ്പള്ളി

# പ്രാർത്ഥനയ്ക്കുള്ള സ്ഥാനം

ആഫ്രിക്കൻ വനത്തിലെ കലമാൻ ഓരോ ദിവസം പുലരുമ്പോഴും തലേദിവസത്തെക്കാൾ വേഗതയിൽ ഓടണമെന്ന് ആഗ്രഹിക്കുന്നു. ഓട്ടത്തിന്റെ വേഗത കുറഞ്ഞാൽ സിംഹം തങ്ങളെ കീഴടക്കി ആഹാരമാക്കി മാറ്റുമെന്ന് മാനുകൾക്കറിയാം. സിംഹവും വേഗത കൂട്ടണമെന്ന് തന്നെ ആയിരിക്കും ആഗ്രഹിക്കുക. ഓരോ ദൈവപൈതലിന്റെയും ചിന്ത ഇന്നലെക്കാൾ വേഗത്തിൽ ഇന്ന് ഓടണം എന്നായിരിക്കണം. നമ്മുടെ ആത്മിക ഓട്ടം ശരിയായ ട്രാക്കിലല്ലെങ്കിൽ വേണ്ടത്ര ആത്മികഭോജനം ലഭിച്ചു പുഷ്ടി പ്രാപിക്കുവാനോ മുന്നേറുവാനോ കഴിയാതെപോകും. പ്രസിദ്ധ സുവിശേഷ പ്രസംഗകനായ ചാൾസ് സ്പർജൻ ഒരിക്കൽ ഇങ്ങനെ പറഞ്ഞു: നിങ്ങൾ ദൈവത്തെ ദിനംപ്രതി അന്വേഷിക്കുന്നില്ലെങ്കിൽ സാത്താൻ നിങ്ങളെ അന്വേഷിച്ചു കണ്ടുപിടിക്കുവാൻ ശ്രമിക്കും'

നാളുകൾ കഴിയുന്തോറും ആത്മാവിന്റെ പുതിയശക്തി, കൃപയുടെ അനുഭവത്തിൽ ജീവിക്കുവാൻ മനസിൽ പുതുജീവന്റെ നാമ്പുകൾ മുളപ്പിക്കും. ദിനംപ്രതി ജീവിതത്തിലേക്ക് കടന്നുവരുന്ന വിപരീത സാഹചര്യങ്ങളിൽ പോലും പ്രത്യാശ വളർത്തിയെടുക്കുവാൻ കൃപയാൽ ഇടയായിത്തീരും. ദൈവകൃപയാൽ സകലവും നന്മക്കായി കൂടി വ്യാപാരിക്കും എന്നാണല്ലോ. ഇന്നലെ ഓടിയതുപോലെ ഇന്ന് ഓടാനല്ല, അതിനെക്കാൾ വേഗത്തിൽ ഓടുവാനുള്ള ദൈവകൃപയാണ് നമുക്കാവശ്യം. ദൈവത്തോട് കൂടുതലടുക്കും തോറും സാത്താനോടും ലോകത്തോടുമുള്ള അകലം കൂടിക്കൊണ്ടേയിരിക്കും. വിശുദ്ധബൈബിൾ നമ്മെ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: 'ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നിൽക്കുന്നതുകൊണ്ട് സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ട് നമുക്കു മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക' (എബ്രായർ 12:1).

രാവിലെ തോറും ദൈവത്തെ അന്വേഷിക്കുന്ന സ്വഭാവരീതി ദാവീദിന് ഉണ്ടായിരുന്നു. ദൈവീകാലോചനകളെ ഉൾക്കൊള്ളുവാൻ അദ്ദേഹം തന്നെത്തന്നെ ഒരുക്കുകയും ചെയ്തിരുന്നു. ഓരോ ദിവസത്തെയും ആദ്യവാക്ക് ദൈവത്തെ നോക്കിയാണ് ദാവീദ് ഉച്ചരിച്ചിരുന്നത്. ഒരു മനുഷ്യന്റെയും മുഖം കാണുന്നതിനു മുമ്പ് ദൈവമുഖം ആദ്യം ദർശിക്കുവാനാണ് അദ്ദേഹം ധൃതി കൂട്ടിയിരുന്നത്. ഇപ്രകാരം ഒരു പഴമൊഴിയുണ്ട്: 'തുടക്കം നന്നായാൽ പാതിയോളം എത്തി'. ഓരോ ദിവസവും സൂക്ഷ്മതയോടെ ആരംഭിക്കുവാൻ ദൈവമക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. പക്വതയാർന്ന ക്രിസ്തീയജീവിതത്തിന് അത് അത്യന്താപേക്ഷിതമത്രെ. ആരംഭത്തെക്കാൾ അനുഗ്രഹപ്രദമായി അവസാനം ശുഭകരമാകണമെങ്കിൽ തുടക്കം നന്നായിരിക്കണം. അതുകൊണ്ട് ഓരോ ദിവസവും ആരംഭിക്കുന്നത് ദൈവത്തോട് സംസാരിച്ചു കൊണ്ടായിരിക്കണം. ദൈവം ദാവീദിനെ സ്നേഹിച്ചിരുന്നതിനാൽ സുഖകരമായ ഉറക്കം അവനു നൽകിയിരുന്നു : 'ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും. നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്' എന്നത്രെ അദ്ദേഹം പറയുന്നത് (സങ്കീർത്തനങ്ങൾ 4 : 8).

### പ്രാർത്ഥനയ്ക്കുള്ള സ്ഥാനം

ദൈവവുമായുള്ള ബന്ധത്തിൽ ഉറച്ചുനിന്നാൽ മാത്രമേ ഉറപ്പുള്ള ക്രിസ്തീയജീവിതം നയിക്കുവാൻ സാധിക്കുകയുള്ളൂ. ദൈവവുമായുള്ള ബന്ധം എങ്ങനെ ഉണ്ടാക്കിയെടുക്കാം എന്നത് ഏറ്റവും ചിന്തനീയമായ ഒന്നാണ്. പ്രാർത്ഥനയാണ് അതിന്റെ പ്രതിവിധി. പ്രാർത്ഥനയിലൂടെ മാത്രമേ ദൈവവുമായി നല്ല ബന്ധം സ്ഥാപിക്കുവാൻ നമുക്കു കഴിയുകയുള്ളൂ. പ്രാർത്ഥിക്കുന്നവർക്കായി പ്രവർത്തിക്കുന്നവനാണ് ദൈവം. പ്രാർത്ഥന ഏറ്റവും അനിവാര്യമായ ഒന്നാണ്. പ്രഗത്ഭമായ പ്രസംഗങ്ങൾ കൊണ്ട് ലോകസ്നേഹത്തിന്റെ മതിൽക്കെട്ടുകളെ പൊളിക്കുവാൻ സാദ്ധ്യമല്ല. സഭയുടെ ശക്തിഹീനതയെപ്പറ്റി ആവർത്തിക്കുന്നതുകൊണ്ട് സഭ ശക്തി പ്രാപിക്കുന്നില്ല. ധാർമികാധ:പ്പതനം, ആത്മീയ വരൾച്ച ഇവ വിശകലനം ചെയ്ത് അവയുടെ കാരണം കണ്ടുപിടിക്കുന്നതുകൊണ്ടോ അവയ്ക്കുള്ള പരിഹാരമാർഗങ്ങൾ ആവിഷ്കരിക്കുന്നതുകൊണ്ടോ അവ മാറ്റപ്പെടുന്നില്ല. സഭയിലും വ്യക്തികളിലും പ്രാർത്ഥനയ്ക്കുള്ള സ്ഥാനം യഥാസ്ഥാനപ്പെടുന്നതുവരെ ഇന്നത്തെ സ്ഥിതിക്ക് മാറ്റം വരികയില്ല.

പ്രാർത്ഥനകൊണ്ട് സാധിക്കാത്തതായി ഒന്നുമില്ല. പ്രാർത്ഥനയ്ക്കുള്ള അഭിഷേകം ലഭിച്ചെങ്കിൽ മാത്രമേ സമൃദ്ധിയായ ജീവൻ ലഭിക്കുകയും, അത്ഭുതങ്ങൾ നടക്കുകയും, പാപിയായ മനുഷ്യൻ രക്ഷിക്കപ്പെടുകയും, അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുകയുള്ളൂ. പ്രാർത്ഥന ഒരു പോരാട്ടമാണെന്ന് ദൈവവചനം പഠിപ്പിക്കുന്നു. പ്രാർത്ഥനയിൽ പോരാടുന്നതിന് ഏകാഗ്രതയുള്ള ഹൃദയവും ആത്മാവും ഒരുപോലെ പ്രവർത്തിക്കേണ്ടതാണ്. യേശുക്രിസ്തു വലിയ അത്ഭുതപ്രവൃത്തികൾ ഒരു ബദ്ധപ്പാടും കൂടാതെ തന്റെ സർവശക്തിയാൽ നിവർത്തിച്ചു. എന്നാൽ തന്റെ പ്രാർത്ഥനയെപ്പറ്റി വായിക്കുന്നത് 'ക്രിസ്തു ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ അപേക്ഷയും അഭയയാചനയും കഴിക്കുകയും, ഭയഭക്തി നിമിത്തം ഉത്തരം ലഭിക്കുകയും ചെയ്തു' എന്നാണ് (എബ്രായർ 5 : 7).

രോഗങ്ങളെ സൗഖ്യമാക്കുന്നതിനോ, മരിച്ചവരെ ഉയിർപ്പിക്കുന്നതിനോ, കാറ്റിനെ ശാസിക്കുന്നതിനോ യേശുകർത്താവിന്റെ ഒരു വാക്ക് മതിയായിരുന്നു. എന്നാൽ യേശു പ്രാണ വേദനയിലായി അതിശ്രദ്ധയോടെ പ്രാർത്ഥിച്ചു. യേശുവിന്റെ വിയർപ്പ് നിലത്തു വീഴുന്ന വലിയ ചോരത്തുള്ളി പോലെയായി' എന്നത്രെ യേശുവിന്റെ പ്രാർത്ഥനയെപ്പറ്റി നാം വായിക്കുന്നത് (ലൂക്കൊസ് 22 : 44). കർത്താവിനോടു ചേർന്ന് മദ്ധ്യസ്ഥത വഹിച്ചിട്ടുള്ളവർ ഈ വ്യഥ അനുഭവിച്ചിട്ടുണ്ട്. എന്നാൽ ഇന്ന് ക്രിസ്തീയസഭകളിലെ പ്രാർത്ഥനകളിൽ ഈ അനുഭവം ഇല്ലാതായിരിക്കുന്നു.

നിങ്ങൾ പ്രാർഥിക്കുമ്പോൾ തികഞ്ഞ ഏകാഗ്രതയോടെ സ്വർഗ്ഗസ്ഥപിതാവിനോട് രഹസ്യമായി അപേക്ഷിക്കുക. അപ്പോൾ രഹസ്യത്തിൽ നിങ്ങൾ പ്രാർത്ഥിക്കുന്നത് കാണുന്ന നിങ്ങളുടെ പിതാവ് പ്രതിഫലം നൽകും. പ്രാർഥിക്കുമ്പോൾ വിജാതീയരെപ്പോലെ വൃഥാ ജൽപ്പനം ചെയ്യരുത്. അതിഭാഷണത്താൽ പ്രാർഥനയ്ക്ക് ഉത്തരം ലഭിക്കും എന്നാണ് അവർ കരുതുന്നത്. അവരെ അനുകരിക്കരുത്; കാരണം നിങ്ങളുടെ ആവശ്യം എന്തെന്ന് നിങ്ങളുടെ പിതാവിന് നിങ്ങൾ യാചിക്കുന്നതിനു മുമ്പുതന്നെ അറിയാം. ആത്മിക ഓട്ടം ഓടുവാനുള്ള ഊർജ്ജസ്രോതസ്സ് പ്രാർത്ഥനയും തിരുവചനധ്യാനവുമാണ്. പ്രാർത്ഥനയിൽ നാം ദൈവസന്നിധിയിൽ ഹൃദയം പകരുന്നു...തിരുവചനധ്യാനത്തിൽ ദൈവം നമ്മോടു സംസാരിക്കുന്നു... ആശ്വസിപ്പിക്കുന്നു... പ്രചോദനം നൽകുന്നു... ശാസനയും ഗുണീകരണവും തിരുത്തലും നൽകി നമ്മെ നേർവീഥിയിൽ മുന്നേറുമാറാക്കുന്നു. ആകയാൽ നമ്മുടെ പ്രാർത്ഥനാജീവിതവും തിരുവചനധ്യാനവും എപ്രകാരമുള്ളതെന്ന് പുന:പ്പരിശോധന ചെയ്യാം. ക്രമം തെറ്റിയതെങ്കിൽ പുന:ക്രമീകരിക്കാം. നിത്യതയായിരിക്കട്ടെ നമ്മുടെ പ്രധാന ലക്ഷ്യം. പൂർവപിതാക്കൾ ഭൂമിയിൽ പരദേശികളെപ്പോലെ ജീവിച്ചപ്രകാരം നമുക്കും ജീവിക്കാം. 'ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതുകൊണ്ട് നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടുംകൂടെ നമുക്കു ദൈവത്തെ സേവിക്കാം' (എബ്രായർ 12: 28). അപ്പൊസ്തലനായ പൗലൊസിന്റെ വാക്കുകൾ നമുക്ക് ഉത്തേജനം പകരട്ടെ: 'ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു. അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു നൽകും. എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവച്ച ഏവർക്കുംകൂടെ'(2തിമൊഥെയൊസ് 4 : 7, 8) •



ചെയ്സ് ജോസഫ്

# പൗലോസിന്റെ കൂട്ടുവേലക്കാർ

**റോ**മാലേഖനം പതിനാറാം അധ്യായത്തിൽ പൗലോസ് കർത്താവിന്റെ വയലിൽ അധ്വാനിക്കുന്ന അനേകം സഹോദരീസഹോദരന്മാരെയും കുടുംബങ്ങളെയും പരിചയപ്പെടുത്തുന്നു. ജീവിതത്തിന്റെ പല മേഖലകളിൽ നിന്നുള്ളവർ, പല സാഹചര്യങ്ങളിൽ ജീവിക്കുന്നവർ. സുവിശേഷീകരണവും സഭാപരിപാലനവും എന്നും കൂട്ടായ പ്രവർത്തനം ആണ്. എല്ലാവരും ഒരു ശരീരത്തിന്റെ അവയവങ്ങൾ എന്ന പോലെ പ്രവർത്തിക്കുമ്പോൾ ആണ് ഇത് സാധ്യമാകുന്നത്.

സ്ത്രീകളുടെ ശുശ്രൂഷയെക്കുറിച്ചു വിവിധ അഭിപ്രായങ്ങൾ ഇന്ന് നിലവിലുണ്ട്. എങ്ങനെയാണു അവർ ആദ്യനൂറ്റാണ്ടിലെ അപ്പോസ്തലിക സഭകളിൽ പ്രവർത്തിച്ചിരുന്നത്? രണ്ടു കാര്യങ്ങളിൽ സ്ത്രീകൾക്ക് പൗലോസ് വിലക്ക് വ്യക്തമാക്കുന്നുണ്ട്. അവ, സഭയെ പഠിപ്പിക്കുന്ന കാര്യത്തിലും, അധികാരം ഉപയോഗിക്കേണ്ടി വരുന്ന ഇടയശുശ്രൂഷകളിലും ആണ്. ഈ രണ്ടു കാര്യങ്ങൾക്കും പൗലോസ് സ്ത്രീകൾക്ക് അനുവാദം നൽകുന്നില്ല.

ഇത് പലരെയും വിഷമിപ്പിച്ചിട്ടുണ്ട്. സ്ത്രീകളും പുരുഷന്മാരും ശുശ്രൂഷയിൽ തുല്യരാണെന്നും അവർക്കു തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല എന്നും ചിലർ ചിന്തിക്കുന്നു. ഇന്ന് സഭാപരിപാലനത്തിലും ഉപദേശങ്ങളിലും ഒക്കെ വ്യാപൃതരായ അനേകം സ്ത്രീകൾ ഉണ്ട്. അധികാരത്തോടെ ശുശ്രൂഷിക്കുന്നവർ ഉണ്ട്. മിക്കവാറും ദൈവശാസ്ത്രജ്ഞർ പറയുന്നത് സ്ത്രീകളെ ചില ശുശ്രൂഷകളിൽ നിന്നും വിലക്കിയത് അന്നത്തെ പുരുഷ മേധാവിത്വ സമൂഹത്തിൽ നിന്നുള്ള ചിന്തകൾ കാരണമാണെന്നാണ്. എന്നാൽ നാം എങ്ങനെ ആണ് ഈ കാര്യം മനസിലാക്കേണ്ടത്? നമുക്ക് ഫേബ എന്ന ശുശ്രൂഷക്കാരിയെക്കുറിച്ച് മനസ്സിലാക്കാം. അവർ പൗലോസിന് ക്രിസ്തുവിൽ ഒരു സഹോദരിയും കെംക്രെയ സഭയുടെ ശുശ്രൂഷക്കാരിയും ആയിരുന്നു. ഏതൊരു വിശുദ്ധനെയും സഭ സ്വീകരിക്കുന്നത് പോലെ ഫേബയേയും സ്വീകരിക്കണം എന്നും അവൾക്കു വേണ്ട എല്ലാ സൗകര്യങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കണം എന്നും പൗലോസ് പറയുന്നു. സഹോദരി എന്ന സംബോധനയിൽ നിന്ന് നാം മനസിലാക്കേണ്ടത് ഫേബ ക്രിസ്തുവിന്റെ സഭയിലെ ഒരു അംഗം എന്നാണ്. എന്നാൽ ശുശ്രൂഷക്കാരി എന്ന പ്രയോഗം സഭയിൽ ഫേബയ്ക്കു ഉണ്ടായിരുന്ന നിയോഗത്തെ ആണ് കാണിക്കുന്നത്.

ആദ്യകാലങ്ങളിൽ സഭയിൽ സ്ത്രീകളെ ശുശ്രൂഷകൾക്കായി നിയോഗിച്ചു നിയമിച്ചിരുന്നു എന്നാണ് അതിന്റെ അർഥം. പക്ഷെ അവർ ഇടയശുശ്രൂഷ ചെയ്തിരുന്നോ? വചനം പഠിപ്പിച്ചിരുന്നോ? അങ്ങനെ ഒരിടത്തും കാണുന്നില്ല. ശുശ്രൂഷകൾ എന്തും ആവാം. നമുക്ക് മനസ്സിലാകുന്നത് ഫേബ അനേകരെ സഹായിച്ചിട്ടുണ്ട് എന്നാണ്. അനേകർക്ക് ആശ്വാസം ആകുന്ന മാർഗ്ഗദർശിയുടെ അഥവാ മെന്ററുടെ ജോലി ആണ് മുതിർന്ന വിശ്വാസികൾ ചെയ്യുന്നത്. പൗലോസിനെ പല കാര്യങ്ങളിലും സഹായിക്കാൻ ഫേബയ്ക്ക് കഴിഞ്ഞിട്ടുണ്ട് എന്നാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ദമ്പതികളായിരുന്ന അക്വിലാവും പ്രിസ്ക്കില്ല

യും പൗലോസിന്റെ ശുശ്രൂഷയിൽ വളരെ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുള്ളവർ ആകുന്നു. അവർ യഹൂദാപശ്ചാത്തലത്തിൽ നിന്ന് വിശ്വാസത്തിൽ വന്ന ഒരു കുടുംബം ആയിരുന്നു. പൗലോസ് അവരോടു വളരെ സൗഹൃദം പുലർത്തിയിരുന്നു. കൂടാരപ്പണി ചെയ്താണ് അവർ ജീവിച്ചിരുന്നത്. പൗലോസിന്റെ മിഷനറി യാത്രയിൽ അവർ കുടുംബമായി പൗലോസിനെ അനുഗമിച്ചിരുന്നു. സുവിശേഷത്തിന്റെ കഷ്ടതയിൽ ഉള്ള പങ്കാളിത്തം എത്ര മനോഹരമാണ്. അക്വിലാവും പ്രിസ്ക്കില്ലയും പൗലോസിന് പ്രിയപ്പെട്ടവർ ആയിരുന്നു. അവർ വേണമെങ്കിൽ പൗലോസിനു വേണ്ടി ജീവൻ നൽകുവാൻ പോലും തയ്യാർ ആയിരുന്നു. കൂടാതെ യഹൂദാപശ്ചാത്തലത്തിൽ നിന്നും വന്നവർ എങ്കിലും ജാതികളുടെ ഇടയിലുള്ള പൗലോസിന്റെ ശുശ്രൂഷയിൽ സഹായികളായിരുന്നു. അതുകൊണ്ട് ജാതികളുടെ സഭകളിൽ അവർ ഉത്സാഹത്തോടെ ശുശ്രൂഷിച്ചിരുന്നു. ജാതിമതത്തിനു അതീതമായ ക്രിസ്തുവിന്റെ സുവിശേഷം പ്രയോഗികമാവുന്നതാണ് നാം പൗലോസിന്റെയും അക്വിലാവിന്റെയും പ്രിസ്ക്കില്ലയുടെയും ജീവിതത്തിൽ കാണുന്നത്.

ആധുനിക സമൂഹത്തിലും വേറെ ഒരു ജാതിയിൽ നിന്നോ മതത്തിൽ നിന്നോ വന്ന ശുശ്രൂഷകരെ സഭകൾ അംഗീകരിക്കുന്നില്ല. അവർ വിശ്വാസികൾ ആയാലും പരസ്പര വിവാഹങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. ഇപ്പോഴും സഭാശുശ്രൂഷയിലും കൂട്ടായ്മയിലും വിവാഹങ്ങളിലും ജാതീയത എന്ന വിഷം കെട്ടി കിടക്കുന്നു.

ശരിക്കും പൗലോസ് അനേകം സഹോദങ്ങളെ പരിചയപ്പെടുത്തുന്നുണ്ട്. അവരെല്ലാവരും സുവിശേഷത്തിന്റെ വ്യാപനത്തിൽ വ്യാപൃതരായവരാണ്. സുവിശേഷം എന്നത് ഒരു ടീം വർക്ക് ആണ്. ഒരാൾ തനിയെ സ്റ്റേജിൽ നിന്ന് ചെയ്യുന്നതല്ല. അനേകർ ഒന്നിച്ചു പ്രവൃത്തിച്ചാണ് സഭകളെ ശുശ്രൂഷിക്കുന്നത്. ഇന്ന് പടിഞ്ഞാറൻ രാജ്യങ്ങളുടെ കോർപ്പറേറ്റ് രീതികളിൽ ആണ് സഭകൾ ഭരിക്കപ്പെടുന്നത്. അതായത് സഭ ലോകത്തോട് അനുരൂപപ്പെടുന്ന അവസ്ഥയിലേക്ക് അധഃപ്പതിച്ചിരിക്കുന്നു. ഇന്ന് പലപ്പോഴും സുവിശേഷകർ ഉണ്ടാക്കുന്ന സൗഹൃദങ്ങളും കൂട്ടായ്മകളും ആത്മീകമല്ല; സൗഹൃദങ്ങളെല്ലാം തന്നെ സൗകര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഉള്ളതാണ്. കൂടുതൽ പണം ഉള്ളവർ, സ്വാധീനമുള്ളവർ എല്ലാം ഇന്ന് ശുശ്രൂഷകരോട് ചേർന്ന് നടക്കുന്നു. sponsors എന്ന് പറയുന്ന വിഭാഗം ഇന്ന് പാസ്റ്റർമാരെയും സഭകളെയും ശുശ്രൂഷകളെയും എല്ലാം സ്പോൺസർ ചെയ്യുന്ന അവസ്ഥ. അതുകൊണ്ട് ഇന്ന് കൺവെൻഷൻ സ്റ്റേജുകളിൽ പുകഴ്ത്തലുകൾ കേൾക്കാം. പണം തരുന്നവർ, നാളെ പണം തരാൻ സാധ്യത ഉള്ളവർ, ഇവരെ ഒക്കെ കരുതി ആണ് ഇന്ന് ശുശ്രൂഷകൾ നടക്കുന്നത്.

ദൈവത്തെ പുകഴ്ത്തേണ്ട വേദികളിൽ ഇന്ന് മനുഷ്യ സ്തുതികൾ ഉയരുന്നത് എവിടെയും കേൾക്കാം. ദൈവത്തിന്റെ മഹത്വത്തെ ഇങ്ങനെ മോഷ്ടിക്കുന്ന എതിർക്രിസ്തുക്കൾ എമ്പാടും പെരുകി വരുന്നു. പൗലോസും മറ്റു അപ്പോസ്തലന്മാരും ആത്മീക അധികാരം ഉള്ളവർ ആയിരുന്നിട്ടും ആ അധികാരം ഉപയോഗിച്ചത് ഏറാന്മൂളികളെ സൃഷ്ടിച്ചിട്ടല്ല. മറിച്ച് കൂട്ടുസഹോദരന്മാരെന്ന അവകാശം ഉപയോഗിച്ചാണ്. ഇവിടെ പേര് പറയുന്നവർ മുഴുവൻ പൗലോസിന് കൂട്ടുവേലക്കാർ ആണ്. പൗലോസിന്റെ കൂട്ടുകാർ ആരാണ്? ചില പ്രയോഗങ്ങൾ നമുക്ക് ശ്രദ്ധിക്കാം. ശുശ്രൂഷക്കാരി, കർത്താവിൽ എന്റെ കൂട്ടവേലക്കാർ, ചാർച്ചക്കാരും സഹോദരന്മാരും, പ്രിയനായവൻ, ക്രിസ്തുവിൽ സമ്മതൻ, കർത്താവിൽ അധ്വാനിക്കുന്നവർ, എന്നിവ കൂടാതെ, പൗലോസ് റൂഫോസിന്റെ അമ്മ എന്റെയും അമ്മ ആണ് എന്നു പറയുന്നു. ഇതെല്ലാം വളരെ ശക്തമായ വ്യക്തിബന്ധങ്ങൾ തന്നെയാണ്. ഈ ഒരു ലിസ്റ്റ് കഴിഞ്ഞാൽ പിന്നീട് റോമാസഭയെ വന്ദനം ചെയ്യുന്നവരുടെ പേരുകൾ പൗലോസ് നൽകുന്നു. അവർക്കു കൂടിയാണ് ഈ ലേഖനം എഴുതിയിരിക്കുന്നത്. അവർ എല്ലാവരും പൗലോസിന്റെ കൂടെ അപ്പോഴുള്ളവർ ആയിരുന്നു. അതുപോലെ ഈ ലേഖനം പൗലോസിൽ നിന്ന് കേട്ട് എഴുതിയ തെർത്തോസും ഇതിൽ ഉൾപ്പെടുന്നു. ഏറ്റവും ദീർഘമായ ഒരു സമാപന വന്ദനം ആണ് റോമാലേഖനത്തിൽ നാം കാണുന്നത്. അത് ഓരോന്നും വളരെ ചിന്തോദ്ദീപകവും പൗലോസിന്റെ സ്വഭാവത്തിലേക്കും ശുശ്രൂഷയിലേക്കും വെളിച്ചം വീശുന്നതുമാണ്.

വളരെ പ്രധാനപ്പെട്ട ചില ദൈവശാസ്ത്ര വിഷയങ്ങളും ഈ ഭാഗത്തു കാണാം. അപ്പോസ്തലർ പഠിപ്പിച്ച ഉപദേശത്തിന് വിരോധമായ ദ്വന്ദ പക്ഷങ്ങളും ഇടർച്ചകളും സഭയിൽ ഉണ്ടാവാൻ സാധ്യത ഉണ്ടെന്നു പൗലോസ് മുന്നറിയിപ്പ് നൽകുന്നു. ചെറിയ സംശയങ്ങൾ ഉണ്ടാക്കി അവർ പ്രശ്നങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കും. ഇടർച്ചകൾ ഉണ്ടാക്കാനും വ്യത്യസ്ത ഉപദേശങ്ങൾ

സ്ഥാപിക്കാനും അവർ എന്താണ് ചെയ്യുന്നത്? ആളുകളെ വശീകരിച്ചു അവർ പറയുന്നത് കേൾക്കുന്നവർ ആക്കുക എന്നതാണ് ഒരു മാർഗം. അതിനു പണം ഉപയോഗിക്കുന്നവർ ഉണ്ട്. ഇന്ന് കേരളത്തിൽ പ്രചരിക്കുന്ന ഗ്രേസ് മിനിസ്ട്രി എന്ന് പേരുള്ള ദുരുപദേശ സംഘം... ആ ദ്വന്ദപക്ഷം ഉണ്ടാക്കാൻ ശരിക്കു പണം വാരി എറിയുന്ന വശീകരണ ശക്തിയ്ക്കു ഒരു ഉദാഹരണമാണ്.

അതുപോലെ തന്നെ ആണ് ചക്കര വാക്കുകളും മുഖസ്തുതിയും. അത് വിവേചിക്കാൻ കഴിയാത്ത സാധുക്കളെ തെറ്റിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. പലപ്പോഴും സ്റ്റേജിലും അല്ലാതെയും കേൾക്കുന്ന മുഖസ്തുതിയും ചക്കരവാക്കുകളും സുബോധമുള്ളവരെപ്പോലും ബോധം കെടുത്താൻ ശക്തിയുള്ളതാണ്. അവരോടു നാം അകന്നു മാറിയില്ലെങ്കിൽ ഇന്നല്ലെങ്കിൽ നാളെ നാം ആ മുഖസ്തുതിയിൽ വീണേക്കാം. ഇങ്ങനെ ആളുകളെ സ്വാധീനിക്കാൻ ശ്രമിക്കുന്നവരുടെ ഉദ്ദേശ്യം എന്തായിരിക്കും? അവർ അവരുടെ വയറിനെ,ഭാഗങ്ങളെ ആണ് സേവിക്കുന്നത്. അവർക്കു വേണ്ടത് നിങ്ങളെ അല്ല, നിങ്ങളുടെ പണമാണ്! അവരോടു വിവേചനം കൂടാതെയുള്ള നിങ്ങളുടെ അനുസരണം ആണ്.

പൗലോസ് പറയുന്നു; നിങ്ങളുടെ അനുസരണം പ്രസിദ്ധമാണ്. അത് മനുഷ്യരോടുള്ള വിധേയത്വമല്ല, പിന്നെയോ ദൈവത്തോടുള്ള വിശ്വാസത്തിന്റെ അനുസരണം ആണ്. എങ്കിലും തിന്മ അറിയാതെ നന്മ മാത്രം അറിയുന്നവർ ആയി ജാഗ്രതയോടെ ഇരിക്കണം എന്ന് പൗലോസ് ഉത്ബോധിപ്പിക്കുന്നു. തിന്മ നാം കേൾക്കേണ്ട കാര്യമില്ല. ഇന്ന് അനേകം ദുരുപദേശങ്ങൾ ടെലിവിഷനിലൂടെ പരക്കുന്നുണ്ട്. ആളുകൾ വിചാരിക്കുന്നത് അതും കൂടെ കേട്ടേക്കാം എന്നാണ്. സമൃദ്ധിയുടെ ദൈവശാസ്ത്രം കേട്ടു കൊണ്ടിരിക്കുന്നത് ജഡത്തിൽ മോഹങ്ങൾ പെരുകുന്തോറും നല്ല രസമാണ്. എന്നാൽ അത് തിന്മയാണ്; ദൈവത്തിന്റെ വചനങ്ങളെ വളച്ചൊടിക്കുന്നതാണ്.

അതു കൊണ്ട് എല്ലാ പ്രസംഗവും കേട്ടിട്ട് ഞാൻ നല്ലതു മാത്രമേ എടുക്കു എന്ന് പറയുന്നവർ സൂക്ഷിക്കണം. കാരണം ഇതെല്ലം കേൾക്കുമ്പോൾ ആകെ പുകമറ ആവുകയും തെറ്റായ ഒന്നിനാൽ വശീകരിക്കപ്പെടുകയും ചെയ്യാൻ സാധ്യത ഉണ്ട്. പൗലോസ് പറയുന്നു; ഇങ്ങനെ നിങ്ങളെ വശീകരിക്കാൻ, തെറ്റായ ഉപദേശം പ്രചരിപ്പിക്കാൻ സാത്താൻ പരിശ്രമിക്കുമ്പോൾ നാം മനസ്സിൽ വിചാരിക്കണം, സാത്താനെ ദൈവം എത്രയും പെട്ടെന്ന് നശിപ്പിക്കും. സഭയുടെ കാൽക്കീഴെ തന്നെ അവൻ ചതയ്ക്കപ്പെടും. ഇതിലെല്ലാം കർത്താവിന്റെ കൃപ നമ്മെ കാത്തു കൊണ്ടിരിക്കും.

നാം എത്ര ജാഗ്രതയോടെ സൂക്ഷിക്കണം എന്ന് ഈ മുന്നറിയിപ്പുകൾ കൊണ്ട് നമുക്കു തിരിച്ചറിയാൻ കഴിയും. അനേകം വഞ്ചകർ ഉള്ളതു കൊണ്ട് കൂടിയാണ് പൗലോസ് ചില ആളുകളെ സഭയ്ക്ക് പ്രത്യേകമായി പരിചയപ്പെടുത്തിയത്. പൗലോസ് ഒന്നാം അധ്യായം ആറാം വാക്യത്തിലുപയോഗിക്കുന്ന ഒരു പ്രയോഗമാണ് വിശ്വാസത്തിനു അനുസരണം വരുത്തുക എന്നത്. ഇത് വളരെ സൂക്ഷ്മമായി ഈ ലേഖനത്തിൽ വിശദീകരിച്ചു കഴിഞ്ഞു. പ്രധാനമായും രണ്ടു തരം നീതിയെക്കുറിച്ചാണ് റോമാലേഖനം മുഴുവൻ പ്രതിപാദിച്ചത്. ഒന്ന്, നിയമംഅനുസരിക്കുന്നത് കൊണ്ട് പുറമെ മാത്രമുള്ള നീതിയും, മറ്റൊന്ന് ആത്മാവിന്റെ പരിവർത്തനത്താൽ ക്രിസ്തുവിൽ ഉള്ള വിശ്വാസത്താൽ ഉളവാകുന്ന പുതിയ മനുഷ്യന്റെ സ്വഭാവത്തിൽ നിന്ന് വരുന്ന നീതിയും. ഒരു ചെറിയ വിശദീകരണത്തോടെ റോമാലേഖന പഠനം അവസാനിപ്പിക്കാം. ഒരു പിതാവിന് രണ്ടു മക്കൾ ഉണ്ട് എന്നിരിക്കട്ടെ. ആദ്യത്തെ മകനോട് പിതാവ് ഒരു കാര്യം ആവശ്യപ്പെടുന്നു. പക്ഷെ അത് ചെയ്യുവാനുള്ള മനസ്സ് അവനില്ല. അപ്പോൾ പിതാവു അവനെ ഭയപ്പെടുത്തുന്നു. അപ്പോൾ അവൻ ഭയപ്പെട്ട് മനസ്സില്ലാമനസ്സോടെ അനുസരിക്കുന്നു. എന്നാൽ രണ്ടാമത്തെ മകൻ പിതാവ് ആവശ്യപ്പെടാതെ, നിർബന്ധിക്കാതെ തന്നെ വേണ്ടത് ചെയ്യുന്നു. അതിന്റെ കാരണം അവനു ആ പിതാവിന്റെ സ്വഭാവം ലഭിച്ചിരിക്കുന്നു എന്നാണ്. ഇവിടെ ആദ്യത്തെ ഉദാഹരണത്തിൽ നീതിപ്രവർത്തി ഉണ്ടായി. എന്നാൽ നീതിമാനെ സൃഷ്ടിക്കാൻ ഭയത്തെ ഉളവാക്കുന്ന പ്രമാണത്തിനു കഴിഞ്ഞില്ല. എങ്കിലും രണ്ടാമത്തെ മകന്റെ കാര്യത്തിൽ തികഞ്ഞ സ്നേഹവും വിശ്വാസവും ഒരു നീതിമാനെ ഉളവാക്കി. കല്പനയാൽ അല്ല, ന്യായപ്രമാണത്താൽ അല്ല, പിന്നെയോ വിശ്വാസത്താൽ മാത്രം ആണ് ഒരു നീതിമാൻ ഉണ്ടാവുന്നത്. ക്രിസ്തുവിൽ ഉള്ള വിശ്വാസത്താൽ ഉളവാകുന്ന പുതിയ മനുഷ്യന്റെ സ്വഭാവത്തിൽ നിന്ന് വരുന്ന നീതി. അപ്പൊസ്തലിക ഉപദേശത്തിന്റെ നൈർമ്മല്യത്തിൽ നാം എല്ലാവരും ദൈവത്തിന്റെ കൃപയാൽ കാക്കപ്പെടുമാറാകട്ടെ •



ഡേവിഡ് വിൽക്കേഴ്സൺ

# അനുതപിച്ചാൽ ശുദ്ധീകരിക്കുന്ന ദൈവം

വിട്ടുപിരിഞ്ഞ് ഇപ്പോൾ ക്രിസ്തുവിനോടു കൂടെയുള്ള സാക്ഷികളുടെ ഒരു വലിയ സമൂഹം നമുക്ക് ചുറ്റും നിൽക്കുന്നു എന്ന് എബ്രായർ 12:1 നമ്മോട് പറയുന്നു. ഈ സ്വർഗീയ സാക്ഷികളുടെ കൂട്ടത്തിന് ഇന്നത്തെ ലോകത്തോട് അതായത് നമ്മോട് എന്താണ് പറയാനുള്ളത്? നോഹയുടെ കാലത്തേക്കാളും ദുഷ്ടത അധികരിച്ച ബീഭത്സമായ ഒരു കാലഘട്ടത്തിലാണ് അഥവാ തലമുറയിലാണ് നാം ജീവിക്കുന്നത്. സോദോമിനെക്കാൾ പാപങ്ങൾ കണക്കറ്റു കുന്നിച്ചിരിക്കുന്ന ഇക്കാലയളവിൽ മനുഷ്യവർഗ്ഗത്തോട് ഈ സാക്ഷികൾക്ക് എന്തായിരിക്കും പറയാനുള്ളത്?

ലോകം വളരെ പുരോഗമിച്ചിരിക്കുന്നു. ശാസ്ത്രീയമായും സാമ്പത്തികമായും സമൃദ്ധി നിറഞ്ഞു നിൽക്കുന്ന ഇന്നത്തെ തലമുറയിൽ പലരും സ്വയംപര്യാപ്തതയിലെത്തിയിരിക്കുന്നു. ആർക്കും ആരുടെയും സഹായം ആവശ്യമില്ലെന്ന മിഥ്യാധാരണ പലരെയും അഹങ്കാരികളാക്കിയിരിക്കുന്നു. ആളുകൾ വിദ്യാസമ്പന്നരായിട്ടും വിവേകരഹിതരായി ജീവിക്കുന്നു എന്നത് വളരെ ശോചനീയവും വേദനാജനകവുമാണ്. മാതാപിതാക്കളോടോ മുതിർന്നവരോടോ എന്തിനേറെപ്പറയുന്നു ദൈവത്തോടു പോലും ഭയമോ ബഹുമാനമോ ഇല്ലാതെ ഹീനമായി പെരുമാറുന്ന ഒരു അധമസമൂഹം. വളരെ അധാർമികവും അക്രമാസക്തവും ഭക്തിവിരുദ്ധവും ആയിത്തീർന്നിരിക്കുന്നു നമ്മുടെ സമൂഹം. ലോകം എത്രത്തോളം അധ:പ്പതിച്ചു പോയിരിക്കുന്നു എന്നുപറഞ്ഞു അഭക്തർ പോലും വിലപിക്കുന്നു. എന്തുകൊണ്ട് ഇത്രയും ദുഷ്ടത നിറഞ്ഞ ഒരു സമൂഹത്തിന്മേൽ ന്യായവിധികൾ ദൈവം വൈകിപ്പിക്കുന്നു എന്നോർത്ത് എല്ലായിടത്തും ക്രിസ്ത്യാനികൾ പോലും അത്ഭുതപ്പെടുന്നു.

തിന്മക്കു ആകാശത്തോളം ഉയരമുണ്ടായിട്ടും പാതാളത്തോളം താഴ്ച്ച ഉണ്ടായിട്ടും ദൈവം ന്യായം വിധിക്കാത്തതു എന്തുകൊണ്ടാണെന്ന് ക്രിസ്തുവിനെ സ്നേഹിക്കുന്നവർക്ക് പോലും മനസിലാക്കുവാൻ ബുദ്ധിമുട്ടാണ്. എന്നാൽ മണ്മറഞ്ഞ സ്വർഗ്ഗീയ സാക്ഷികളുടെ സമൂഹം അത് മനസ്സിലാക്കുന്നു. ദൈവം കാണിക്കുന്ന കരുണയെയും ക്ഷമയെയും സ്വർഗ്ഗീയ സാക്ഷികൾ തിരിച്ചറിഞ്ഞതുകൊണ്ട്, അവർ നാം ചോദിക്കുന്നത് പോലെയുള്ള ചോദ്യം ഉന്നയിക്കുന്നില്ല.

എബ്രായർ 12:1 ൽ പറയുന്ന സാക്ഷികൾക്ക് പുറമെ, വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് ചേർന്ന അനേകസാക്ഷികളുടെ കൂട്ടത്തിൽ ആ പാപികളിൽ ഞാൻ ഒന്നാമൻ എന്നുപറഞ്ഞ അപ്പോസ്തലനായ പൗലോസും ഉൾപ്പെടുന്നു. ഏറ്റവും വലിയ പാപികളോട് പോലുമുള്ള ദൈവത്തിന്റെ പരിധിയില്ലാത്ത സ്നേഹത്തിന് താൻ തന്നെ ഒരു വലിയ സാക്ഷിയാണ്. പൗലോസിന്റെ ജീവിതം പറയുന്നത് അവൻ ക്രിസ്തുവിന്റെ നാമത്തിനു വിരോധമായി പ്രവർത്തിച്ചവൻ ആയിരുന്നു എന്നാണ്. മുമ്പേ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠുരനും ആയിരുന്നു; എങ്കിലും അവിശ്വാസത്താൽ അറിയാതെ ചെയ്തതാക കൊണ്ട് എനിക്കു കരുണ ലഭിച്ചു ( 1 തിമോഥെ

യോസ് 1:13) പൗലോസ് ഒരു തീവ്രവാദിയെപ്പോലെ ദൈവജനത്തെ വേട്ടയാടാനും ജയിലിലടയ്ക്കാനും കൊന്നൊടുക്കുവാനും മടിച്ചില്ല. തന്നെപ്പോലെയുള്ള കൊടുംപാപി യായിരുന്നവനോട് ദൈവം ദീർഘക്ഷമ കാണി ച്ചത്പോലെ, പാപത്തെ പച്ചവെള്ളം പോലെ വലിച്ചു കുടിക്കുന്ന ഇന്നത്തെ തലമുറയോടും ദൈവം ദീർഘക്ഷമ കാണിച്ചു കാത്തിരിക്കുന്നു വെന്നാണ് പൗലോസ് നമ്മോട് പറയുന്നത്. പൗലോസിനെപ്പോലെ മതഭക്തരും സുവിശേഷവിരോധികളും തങ്ങളുടെ അജ്ഞതയിൽ പാപം ചെയ്യുന്നവരും ഇന്നും ധാരാളമാണ്. തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം ക്രിസ്തുവിനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു എന്നത് തിരുവെഴുത്തിലെ ഏറ്റവും ഹൃദ്യമായ പ്രത്യാശാനിർഭരമായ ഒരു വചനവുമാണല്ലോ.

പൗലോസു മാത്രമല്ല അപ്പോസ്തലനായ പത്രോസും സാക്ഷികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. ദൈവം ഇത്ര ക്ഷമ കാണിക്കുന്നത് എന്തുകൊണ്ടാണെന്ന് താനും മനസ്സിലാക്കുന്നു. പത്രോസിന്റെ ജീവിതവും ലേഖനങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നത് പത്രോസ് ഒരു സമയത്തു യേശുവിനെ ഒരിക്കലും അറിയില്ലെന്ന് ആണയിടുകയും പ്രാകുകയും ചെയ്തവനായിരുന്നു എന്നാണല്ലോ? പത്രോസിനെപ്പോലെ ക്രിസ്തുവിനെ പ്രാകുകയും നിഷേധിക്കുകയും ചെയ്യുന്ന അനേകർ ഇപ്പോഴും ഉള്ളതിനാൽ ദൈവം തന്റെ ന്യായവിധി താമസിപ്പിക്കുകയാണ്. പത്രോസിനെ ഒരിക്കലും കൈവിടാത്തതുപോലെ, മാനസാന്തരപ്പെടുന്നപക്ഷം കർത്താവ് അവരെയും കൈവിടുകയില്ല. പത്രോസിനു വേണ്ടി ക്രിസ്തു പ്രാർത്ഥിച്ചതുപോലെ ഇവർക്കുവേണ്ടിയും കർത്താവു പ്രാർത്ഥിക്കുന്നു. എന്നാൽ പ്രിയരേ, ഈ ഒരു യാഥാർത്ഥ്യം നിങ്ങൾ വിസ്മരിക്കരുത്: കർത്താവിന് ഒരു ദിവസം ആയിരം വർഷംപോലെയും ആയിരം വർഷം ഒരു ദിവസംപോലെയും ആകുന്നു. അവിടത്തെ വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ കർത്താവ് കാലവിളംബം വരുത്തുന്നില്ല; അവിടന്ന് നിങ്ങളോട് ദീർഘക്ഷമ കാണിക്കുകയാണ്. ഒരു വ്യക്തിപോലും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരത്തിലേക്ക് വരണമെന്നാണ് അവിടത്തെ ആഗ്രഹം (2 പത്രോസ് 3:8). ഈ വചനങ്ങൾ പത്രോസ് അപ്പോസ്തലൻ തന്റെ ലേഖനത്തിൽ ആത്മപ്രേരിതനായി കുറിക്കുവാൻ കാരണം അതുതന്നെയാണ്.

സാക്ഷികളുടെ ഈ സമൂഹത്തെ നാം പരിഗണിക്കുമ്പോൾ, അനവധി കൊടിയ പാപികളുടെ മുഖങ്ങൾ നമ്മുടെ മനതാരിൽ വരുന്നില്ലേ? അവരെല്ലാം അനുതപിച്ച് വചനം സ്വീകരിച്ച് ക്രിസ്തുവിനായി ജീവിച്ച് വിശ്വാസത്തിൽ മരിച്ചില്ലേ? തന്നിമിത്തം ഇപ്പോൾ അവർ സ്നേഹവാനായ പിതാവിന്റെ കരുണയ്ക്കും ദീർഘക്ഷമയ്ക്കും സാക്ഷികളാണ്.


ഇന്നത്തെ സമൂഹമോ ദൈവത്തെ ഭയപ്പെടുന്നില്ല, മനസ്സിലാക്കുന്നതുമില്ല. അയ്യോ! എന്തൊരു പാപംനിറഞ്ഞ ജനത! ദുഷ്കർമികളുടെ മക്കൾ! വഷളത്തം പ്രവർത്തിക്കുന്നവർ ! അവർ കർത്താവിനെ ഉപേക്ഷിച്ച് തിരസ്കരിച്ചിരിക്കുന്നു, അവിടത്തേക്കെതിരേ അവർ പുറംതിരിഞ്ഞിരിക്കുന്നു. ഇനിയും മാത്സര്യത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതു എന്തിന്? അവരുടെ ഹൃദയം മുഴുവനും രോഗാതുരമായിരിക്കുന്നു. ഉള്ളങ്കാൽ മുതൽ ഉച്ചിവരെ ഒരു സ്ഥലവും മുറിവേൽക്കാത്തതായിട്ടില്ല. പാപത്താലുളവായ മുറിവുകൾ! അവ വൃത്തിയാക്കുകയോ വെച്ചു കെട്ടുകയോ ചെയ്തിട്ടില്ല. അതായതു ഇനിയും മാനസാന്തരപ്പെട്ടു രക്ഷകനിലേക്കു മടങ്ങി വന്നിട്ടില്ല. അതുകൊണ്ടു രാജ്യം ശൂന്യമായി, പട്ടണങ്ങൾ തീവെച്ചു നശിപ്പിച്ചിരിക്കുന്നു; ദൈവം ദീർഘക്ഷമ കാണിക്കാതിരുന്നു എങ്കിൽ നാമും സൊദോം നഗരംപോലെയും ഗൊമോറാ പട്ടണം പോലെയും നശിപ്പിക്കപ്പെടുമായിരുന്നു...!

ആരും നശിച്ചു പോകുന്നത് ദൈവത്തിനു ഇഷ്ടമല്ല എന്ന് തിരുവെഴുത്തു പറയുന്നു. ഭ്രാന്തവും അധാർമികവുമായ ഈ ലോകത്തെ ദൈവം ഇപ്പോഴും സ്നേഹിക്കുന്നു. അതായതു പാപത്തെയല്ല പാപികളെയത്രെ സ്നേഹിക്കുന്നത്. അവർ അനുതപിച്ചു മാനസാന്തരപ്പെട്ട് പാപത്തെ വിട്ടുപേക്ഷിച്ചു ദൈവത്തിങ്കലേക്കു മടങ്ങി വരുവാൻ അവസരങ്ങൾ നൽകിക്കൊണ്ട് ദീർഘക്ഷമയോടെ ദൈവം കാത്തിരിക്കുന്നു. യേശു അവരെ സ്നേഹിച്ചതുപോലെ നമുക്കും പാപികളെ സ്നേഹിക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. ഇപ്പോൾ ലോകത്തോട് ദൈവം കാണിക്കുന്ന സ്നേഹവും ക്ഷമയും തിരിച്ചറിഞ്ഞു മനസാന്തരപ്പെട്ടു യേശുകർത്താവിങ്കലേക്കു മടങ്ങി വരുവാൻ സഭ ശ്രദ്ധയോടെ പ്രാർത്ഥിക്കുവാനുള്ള സമയം ആണിത്. മാനസാന്തരപ്പെട്ടവരും അനുനിമിഷം തങ്ങളെത്തന്നെ ശുദ്ധീകരിച്ചു മനസ് പുതുക്കി രൂപാന്തരപ്പെട്ടു നിത്യതയ്ക്കായി ഒരുങ്ങുവാൻ ദൈവം സഹായിക്കട്ടെ.

•



ഡോ. സജികുമാർ കെ. പി.



# പ്രണയ വിവാഹങ്ങളും സഭാ നിലപാടും... (തുടർച്ച)

**ഡോ**ക്ടറൽ റിസർച്ചിന്റെ ഭാഗമായി കോട്ടയം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ നിന്ന് 1500 കൗമാരക്കാരുമായി അഭിമുഖം നടത്തിയതിലൂടെ ബോധ്യമായത് നമ്മുടെ കൗമാരക്കാരിൽ 63% പേരും ഏതെങ്കിലും വിധത്തിൽ ലൈംഗിക ചൂഷ ണത്തിന് വിധേയപ്പെട്ടിട്ടുണ്ട് എന്ന ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്. ഈ ദുരനുഭവങ്ങൾ നമ്മുടെ ചെറുപ്പക്കാരുടെ ഉള്ളിൽ ലൈംഗികതയെക്കുറിച്ചും കുടുംബജീവിതത്തെ സംബന്ധിച്ചും ഉളവാക്കിയ തെറ്റായ ധാരണകൾ വളരെയേറെയാണ്. ആന്തരിക മുറിവുകൾ തിരിച്ചറിയുവാനും അവയിൽനിന്നു സൗഖ്യം നേടുവാനും ശരിയായ ഒരു കൗൺസലിംഗ് സഹായം ആവശ്യമാണ്.

വിവാഹത്തിലേക്ക് തയ്യാറെടുക്കുന്നവരെ ഒരുക്കുന്ന വിവാഹപൂർവ കൗൺസലിംഗിൽ ഏറ്റവും സുപ്രധാനമായി കൈകാര്യം ചെയ്യേണ്ടി വരാറുള്ള ഒരു വിഷയമാണ് ആന്തരിക മുറിവുകൾ. പ്രണയബന്ധത്തിനപ്പുറം ചൂഷണങ്ങളിലൂടെ പലപ്പോഴും കടന്നു പോയിട്ടുള്ളവർ മനസ്സിന്റെ ആഴങ്ങളിൽ രൂപപ്പെടുത്തിയേക്കാവുന്ന ഒരു ചിന്തയാണ് എനിക്ക് കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുവാനുള്ള യോഗ്യതയില്ല എന്നും, ഞാൻ ഒരാളുടെ ജീവിതപങ്കാളി ആകുന്നത് ആ വ്യക്തിയെ വഞ്ചിക്കുന്നതിന് തുല്യമാണ് എന്നതും. സൗഖ്യം വരുത്താതെ കൊണ്ടു നടക്കുന്ന ആന്തരിക മുറിവുകളുടെ പ്രതിഫലനമാണ് ഇത്.

വിവാഹ പൂർവ്വ ലൈംഗിക ബന്ധത്താൽ മാനസികമായി മുറിവേറ്റ ആളുകൾക്ക് വേണ്ടത് യഥാർത്ഥ മാനസാന്തരവും പാപബോധവും അനുതാപവും ഏറ്റു പറച്ചിലും ആണ്. ദൈവത്തിനു ക്ഷമിക്കുവാൻ കഴിയാത്ത ഒരു പാപവുമില്ല. നമ്മുടെ പാപങ്ങളെ എന്നേക്കുമായി മായിച്ചു കളയുവാനും അത് കിഴിയിൽ കെട്ടി സമുദ്രത്തിന്റെ ആഴങ്ങളിൽ ഇട്ടു കളയുവാനും ദൈവം സന്നദ്ധനാണ്. കീറിയ തുണി തുന്നിയെടുക്കാം... പൊട്ടിയ കയർ കൂട്ടിക്കെട്ടാം... എന്നാൽ അവയൊന്നും പുതിയതാകയില്ല. പക്ഷേ ഒരു വ്യക്തി ക്രിസ്തുവിൽ ആവുകയും ഹൃദയപൂർവ്വം അനുതപിക്കുകയും ചെയ്താൽ കർത്താവ് ആ വ്യക്തിയെ പുതിയസൃഷ്ടി ആക്കുന്നു. പിന്നെ പഴയതൊന്നും ഓർക്കുകയില്ല (എബ്രായർ10:17). അങ്ങനെ ഓർമ്മകളിൽ നിന്ന് വരെ അത്തരം സംഭവങ്ങളെ ഒഴിവാക്കിയിട്ട് വേണം ഒരു വിശുദ്ധ കുടുംബ ജീവിതത്തിലേക്ക് പ്രവേശിക്കുവാൻ.

**1. വൈകാരിക പക്വത നേടുക**

കുടുംബ ജീവിതത്തിലേക്കുള്ള തീരുമാനങ്ങൾ എടുക്കുന്നതിൽ അത്യാവശ്യം വേണ്ടിയ ചില പക്വതകൾ ഉണ്ട്. ശാരീരിക, മാനസിക, ആത്മീയ, വൈകാരിക, സാമൂഹിക, സാമ്പത്തിക, ആശയവിനിമയത്തിലെ പക്വത എന്നിങ്ങനെ പല മേഖലകളും ആ പട്ടികയിൽ ഉൾപ്പെടാറുണ്ട്. എന്നാൽ ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതു വൈകാരിക പക്വതയുടെ മേഖലയാണ്. വൈകാരിക പക്വത എന്നത് ദൈവം തന്നിരിക്കുന്ന

വികാരങ്ങളെ ദൈവം വെച്ചിരിക്കുന്ന വരമ്പുകൾക്കകത്ത് നിലനിർത്തുവാൻ കഴിയുന്നതാണ്. അതിലൊരു വികാരമാണ് ലൈംഗികത. ലൈംഗിക അഭിനിവേശങ്ങളെ കയറൂരി വിടാൻ അനുവദിക്കുന്നിടത്താണ് ചൂഷണങ്ങളും പീഡനവും ഉണ്ടാവാൻ സാധ്യത. എത്രയധികം പ്രലോഭനങ്ങൾ വന്നാലും ശക്തമായ നിലപാടുകൾ കൈക്കൊള്ളുവാൻ പക്വത വേണം. അരുത്, എനിക്ക് അതിൽ താല്പര്യം ഇല്ല, ഇങ്ങനെ എന്നോട് പെരുമാറുന്നത് എനിക്ക് ഇഷ്ടമില്ല എന്നിങ്ങനെ തുറന്നു സംസാരിക്കുവാൻ പഠിക്കണം.

വൈകാരിക പക്വതയുടെ മറ്റൊരു തലമാണ് ദേഷ്യത്തെ പിടിച്ചുകെട്ടുക എന്നത്. നമ്മുടെ മാതാപിതാക്കളിൽ ആരുടെയെങ്കിലും ജനിതക കൈമാറ്റം വഴിയോ, അല്ലെങ്കിൽ നാം കടന്നു പോകേണ്ടി വന്നിട്ടുള്ള കഠിനമായ ചില സാഹചര്യങ്ങൾ വഴിയോ, ഇത്തരം അനിയന്ത്രിതമായ ദേഷ്യപ്രകടനങ്ങൾ നമുക്ക് കിട്ടിയിട്ടുണ്ടാവാം. എന്നാൽ നിയന്ത്രണാതീതമായി ദേഷ്യത്തെ കയറൂരി വിടരുത്. ദേഷ്യം നിയന്ത്രിക്കാൻ ശേഷിയില്ലാത്തവർ ചുമരിൽ ഇടിക്കുക, സാധനങ്ങൾ എറിഞ്ഞു പൊട്ടിക്കുക, തല ഭിത്തിയിൽ ഇടിക്കുക, സ്വയം ഉപദ്രവിക്കുക, ആത്മഹത്യാ പ്രവണത കാണിക്കുക എന്നിവയൊക്കെ ചെയ്യാറുണ്ട്.

ഇതിൽനിന്ന് കരകയറാൻ ഒന്നാമതു ചെയ്യേണ്ട കാര്യം പരിശുദ്ധാത്മ നിയന്ത്രണത്തിലാവുക എന്നതാണ്. ദൈവവുമായുള്ള ആത്മാർത്ഥ ബന്ധത്തിൽ നിന്ന് വൈകാരിക നിയന്ത്രണത്തിന് ശക്തി ലഭിക്കും. പരിഹരിക്കപ്പെടാതെ മനസ്സിനകത്ത് നീറുന്ന ഓർമ്മകൾ എന്തെങ്കിലും അടിഞ്ഞു കൂടിയിട്ടുണ്ടെങ്കിൽ അതിനെ കണ്ടുപിടിക്കുകയും അതിൽ നിന്ന് കരകയറുകയും വേണം. ക്ഷമിക്കുവാനും ക്ഷമ ചോദിക്കുവാനും കഴിയുന്ന ഒരു മാനസിക ശൈലി രൂപപ്പെടുത്തണം. വേദന തോന്നുന്നതും ദേഷ്യം തോന്നുന്നതുമായ പെരുമാറ്റവും വാക്കുകളും നാം ഇടപഴകുന്ന ആരിൽ നിന്നു വന്നാലും അവരോടു ശാന്തമായി: എനിക്ക് ആ കാര്യം വിഷമം, ദേഷ്യം ഉണ്ടാക്കി എന്ന് തുറന്നുപറയുവാൻ കഴിയുന്ന ഒരു ശീലം രൂപപ്പെടുത്തണം.

**2. തെറ്റായ സ്വാധീനങ്ങളെ ഒഴിവാക്കുക**

തെറ്റും ശരിയും തമ്മിൽ തിരിച്ചറിയുവാൻ ദൈവം നമുക്ക് കഴിവ് തന്നിട്ടുണ്ട്. എങ്കിലും പലർക്കും പലപ്പോഴും അത് ഉപയോഗിക്കാൻ കഴിയാറില്ല. വ്യഭിചാരം ചെയ്യുന്നതിന് മുമ്പ് ദാവീദിന് അറിയാമായിരുന്നു അത് പാപമായിരുന്നുവെന്ന്. പക്ഷേ സ്വയനിയന്ത്രണത്തിന് പര്യാപ്തമാക്കപ്പെടുന്ന വിധത്തിൽ തന്റെ വൈകാരിക പക്വതയെ ഉപയോഗിക്കാൻ ദാവീദിന് കഴിഞ്ഞില്ല. പ്രലോഭനങ്ങളെ കൊണ്ട് നിറഞ്ഞ ലോകമാണ് നമുക്ക് ചുറ്റും ഉള്ളത്. ഇന്റർനെറ്റ് ലോകമാണ് അതിൽ പ്രധാനപ്പെട്ടത്. അശ്ലീലവും അധാർമികതയും കൊണ്ട് നിറഞ്ഞു നിൽക്കുന്നു അതിലെ പ്രലോഭനങ്ങൾ. ആദ്യമാദ്യം ചെറിയ അളവിലുള്ള അശ്ലീല ചിത്രങ്ങൾ കണ്ടാൽ മതിയായിരുന്നു ലൈംഗിക സംതൃപ്തിക്ക്. പക്ഷേ ദിവസങ്ങൾക്കകം അതിനോട് താദാത്മ്യപ്പെട്ടു മനസ്സിന് തൃപ്തി പോരാതെ വരുന്നു. അപ്പോൾ അശ്ലീലത്തിന്റെ അടുത്ത ഘട്ടത്തിലേക്ക് കടക്കുന്നു. പ്രകൃതിവിരുദ്ധ ലൈംഗികാസക്തിയോളം ഇന്നത്തെ അനവധി ചെറുപ്പക്കാരെ ഇത് കൊണ്ടെത്തിക്കുന്നു. അത്തരം രീതികളും അഭിനിവേശങ്ങളും കുടുംബ ജീവിതഭദ്രതയെ വളരെയധികം ബാധിക്കുന്നു. ഇവിടെ ശക്തമായ തിരിച്ചറിവുകൾ ആവശ്യമാണ്. ചിട്ടയായ പരിശ്രമങ്ങളിലൂടെയും വൈദഗ്ധ്യം നേടിയ കൗൺസലർമാരുടെ മാർഗ്ഗനിർദ്ദേശങ്ങളിലൂടെയും ദൈവാശ്രയത്തിലൂടെയും ഇത്തരം പ്രശ്നങ്ങളിൽ നിന്ന് കരകയറണം. ശരിയായ സൗഹൃദങ്ങളും തെറ്റായ സൗഹൃദങ്ങളും ഉണ്ട്. നമ്മെ തെറ്റിലേക്ക് നയിക്കുകയും ആ തെറ്റിനെ മഹത്വവൽക്കരിക്കുകയും ചെയ്യുന്ന സൗഹൃദങ്ങൾ നമ്മെ തകർച്ചയിലേക്ക് നയിക്കും.. ജീവിതവീക്ഷണവും നിലപാടുകളും രൂപപ്പെടുത്തുന്നതിൽ ഇന്ന് സൗഹൃദങ്ങൾക്ക് വളരെ പ്രാധാന്യതയുണ്ട്. അതിനാൽ ശരിയ ല്ലാത്ത സൗഹൃദങ്ങൾ ശരിയല്ലാത്തതു പലതും നിങ്ങളിലേക്ക് നൽകുന്നു എന്ന് തോന്നുന്നു എങ്കിൽ അത്തരം സൗഹൃദബന്ധങ്ങളെ ധൈര്യപൂർവ്വം വിച്ഛേദിക്കുക

**3. നല്ല സൗഹൃദങ്ങൾക്ക് വില കൽപ്പിക്കുക**

കാലഘട്ടങ്ങൾ മുന്നോട്ടു പോകുന്നതിനനുസരിച്ച് ചിന്താഗതികളിലും സംസ്കാരങ്ങളിലും മാറ്റങ്ങൾ ഉണ്ടാവും. ആ മാറ്റങ്ങളോട് നാം പുറം തിരിഞ്ഞു നിൽക്കരുത് എന്നഭിപ്രായപ്പെടുന്നവരാണ് ചെറുപ്പക്കാർ ഏറെയും. പ്രത്യേകിച്ച് സഭാനേതൃത്വം പാരമ്പര്യ ചിന്തകളിൽ നിന്ന് മാറാതെ, മാറ്റങ്ങൾക്ക് വ്യഗ്രത കാണിക്കുന്ന

ചെറുപ്പക്കാരെ അകറ്റി നിർത്തുന്ന പ്രവണത ഇന്ന് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് നമുക്ക് വേണ്ടിയത് പക്വതയാർന്ന നിലപാടുകളാണ്. പാരമ്പര്യ കാഴ്ചപ്പാടും നവതലമുറയുടെ കാഴ്ചപ്പാടും രണ്ടു ദിശയിൽ നിൽക്കുമ്പോൾ, ആവശ്യം ശരിയായ സമന്വയമാണ്.

ആരോഗ്യകരമായ സ്ത്രീപുരുഷ ബന്ധങ്ങളും പക്വതയാർന്ന അത്തരം സൗഹൃദങ്ങളും ആശയവിനിമയങ്ങളും സ്വായത്തമാക്കുവാൻ കൃത്യമായ മാർഗനിർദേശം അവർക്ക് ലഭ്യമാകണം. ആരോഗ്യകരമായ ചർച്ചകളും ബോധ്യങ്ങൾ നൽകുന്ന ക്ലാസുകളും അത്യാവശ്യമാണ്. തെറ്റിനെ തെറ്റെന്നു വിളിക്കാൻ കഴിയുന്ന വിധത്തിൽ മികവുറ്റ നിലപാടുകൾ എടുക്കാൻ സഭാനേതൃത്വം ചെറുപ്പക്കാരെ പര്യാപ്തമാക്കണം. ഇത് സഭകളിൽ അടിസ്ഥാനപരമായി പഠിപ്പിക്കണം.

ഏതാണ് ശരി, ഏതാണ് തെറ്റ് എന്നത് നന്നേ ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ ഉള്ളിൽ രൂഢമൂലമാകണം. അതിന് നല്ല രക്ഷാകർതൃത്വത്തിനായി മാതാപിതാക്കളെ സജ്ജരാക്കണം. പുതിയ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഓരോ പ്രായത്തിലും അത്യാവശ്യമായി ഇന്നത്തെ സമൂഹത്തിലെ വെല്ലുവിളികളെ തരണം ചെയ്യുന്നതിന് കുട്ടികൾക്ക് തിരിച്ചറിവ് നൽകണം. അങ്ങനെ മൂല്യബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ ഒരു ഉടച്ചുവാർക്കലിന് നാമെല്ലാം തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു •

# ദാമ്പത്യത്തെ ഉലയ്ക്കാതെ....

സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നത് വിശേഷാൽ ദാമ്പത്യത്തിൽ സ്വാഭാവികമാണ്. എപ്പോഴും ശല്യപ്പെടുത്തുന്ന ഭാര്യയെക്കുറിച്ചും, അവൾ ഭർത്താവിന്റെ ഹൃദയത്തെ വൃണപ്പെടുത്തുന്നത് എങ്ങനെ എന്നതിനെക്കുറിച്ചും സദൃശവാക്യങ്ങൾ ഒന്നിലധികം തവണ മുന്നറിയിപ്പ് നൽകുന്നുണ്ട്. ഭാര്യ, ഭർത്താവുമായി ആശയവിനിമയം നടത്തുമ്പോൾ ഭർത്താവ് അവഗണിക്കുന്നതായി തോന്നുന്നുവെങ്കിൽ എങ്ങനെ ഹൃദ്യമായി ആശയവിനിമയം നടത്തും? നിങ്ങൾക്ക് അസ്വാഭാവികത തോന്നുമ്പോൾ ക്ഷമയോടും സൗമ്യതയോടും ആശയവിനിമയം നടത്താൻ ശ്രമിക്കുക. പരസ്പരം ആരോഗ്യകരമായ രീതിയിൽ എങ്ങനെ ആശയവിനിമയം നടത്താമെന്ന് പഠിക്കുന്നത് ഒരു പ്രക്രിയയാണ്. എന്നാൽ സ്വാർത്ഥമായ ആവശ്യങ്ങൾ ഉന്നയിക്കുന്ന ശീലം പങ്കാളികളിൽ ആർക്കെങ്കിലും ഉള്ളപക്ഷം അതൊഴിവാക്കുവാൻ സ്നേഹവും സൗമ്യതയും താഴ്മയും ദീർഘക്ഷമയും ആയുധമാക്കുന്നതാണ് ഉത്തമം. മുൻവിധിയോടു കൂടി പരസ്പരം ഇടപെടാതെയും, സ്നേഹം ഉള്ളിലൊതുക്കാതെ പ്രകടിപ്പിച്ചു കൊണ്ടും, കരുതലിന്റെ മനോഭാവത്തിൽ ആരോഗ്യമുള്ളവരായി പെരുമാറുക.

കോപാകുലമായ പൊട്ടിത്തെറിയിൽ പറഞ്ഞുപോകുന്ന ഓരോ വാക്കും ദാമ്പത്യജീവിതത്തിനു ദോഷം തന്നെയാണ്. ചിലർക്ക് മറ്റുള്ളവരെ അപേക്ഷിച്ച് സഹനശേഷി ഉണ്ട്. ആത്മസംയമനം ഇല്ലാത്തവരാണെങ്കിൽ ആത്മനിയന്ത്രണം ലഭ്യമാകേണ്ടതിനു പ്രാർത്ഥിക്കുക. പരസ്പരം സഹിക്കുകയും വഹിക്കുകയും ചെയ്യുന്നത് ആരോഗ്യകരമായ ദാമ്പത്യത്തിനു ഉത്തമമാണ്. കോപം മനുഷ്യസഹജമാണ്. എന്നാൽ അതിനെ നിയന്ത്രിക്കുന്നത് ദൈവികവും അത് അനിവാര്യവുമാണ്. കോപം ഇല്ലാതാക്കുക എന്നത് ദുഷ്കരമാണ്. എന്നാൽ ശ്രദ്ധയോടെയുള്ള പ്രാർത്ഥനയിൽക്കൂടിയും ദൈവാശ്രയത്തിലൂടെയും കോപത്തെ ജയിക്കുക തന്നെ വേണം. പങ്കാളികളിൽ ഒരാൾ കോപത്തോടിരിക്കുമ്പോൾ പരിഹാരത്തിന് ശ്രമിക്കാതെ ശാന്തമനോഭാവത്തോടിരിക്കുമ്പോൾ മാത്രം കുറവുകൾ ബോധ്യപ്പെടുത്താൻ ശ്രമിക്കുക. അങ്ങനെ ഉലയാത്ത ഒരു ദാമ്പത്യജീവിതം അവസാനം വരെ നിലനിർത്തുക •

# പോർക്കള മേടുകളിൽ...

'**ഇ**ദ്ധരയിൽ എന്നെ ഇത്രമേൽ സ്നേഹിപ്പാൻ' എന്നു തുടങ്ങുന്ന ഗാനം രചിച്ചതിന്റെ പശ്ചാത്തലമാണ് ഇവിടെ നമ്മുടെ ചിന്താവിഷയം. കുന്നംകുളത്തിനടുത്ത് പോർക്കുളം എന്ന സ്ഥലത്ത് ഒരു പുരാതന സുറിയാനിവംശമായ കോലാടി വട്ടക്കാട് എന്ന കുടുംബത്തിൽ ടി. വർഗീസിന്റെയും അന്നമ്മയുടെയും മകനായി ജനിച്ച ഗാനരചയിതാവാണ് കെ. വി. ചേറു ഉപദേശി. ഇരുപതാമത്തെ വയസ്സിൽ കർത്താവിനെ സ്വീകരിച്ച അദ്ദേഹം ഇരുപത്തിമൂന്നാം വയസ്സിൽ സുവിശേഷ വേലയിൽ തല്പരനായി ശുശ്രൂഷാരംഗത്തെത്തി. ഈ കാലയളവിൽ മാർത്തോമാ സഭയിലെ നവീകരണ സംഘത്തോട് യോജിച്ചാണ് താൻ പ്രവർത്തിച്ചത്. ആരുടെയും യാതൊരുവിധ സഹായങ്ങളും തനിക്ക് ലഭിച്ചിരുന്നില്ല, എന്നു മാത്രമല്ല ഭവന ത്തിൽ നിന്നും ചാർച്ചക്കാരിൽ നിന്നും ശക്തമായ എതിർപ്പുകൾ ഉണ്ടാവുകയും ചെയ്തു. എന്നാൽ അതൊന്നും ഗണ്യമാക്കാതെ കർതൃസേവനത്തിൽ അദ്ദേഹം സന്തോഷം കണ്ടെത്തി.

അക്കാലയളവിൽ, 1906 ഫെബ്രുവരി മാസത്തിൽ ലോനപ്പൻ ഉപദേശിയുമായി പരിചയപ്പെട്ടു. തുടർന്ന് വിജാതിയരുടെ മധ്യത്തിൽ ഒരുമിച്ച് പ്രവർത്തിക്കുന്നതിനും സംഗതിയായി. ഇരുപ ത്തിയഞ്ചാമത്തെ വയസ്സിൽ തനിക്ക് ഒരു കുഞ്ഞ് പിറന്നപ്പോൾ ആ കുഞ്ഞിനെ സഭയുടെ ചട്ടപ്രകാരം മാമോദീസ മുക്കുന്നതിനു വീട്ടുകാരും ചാർച്ചക്കാരും നിർബന്ധിച്ചു. വിശ്വാസ സ്നാനം ആണ് ശരിയെന്ന് ബോധ്യപ്പെട്ടതു കൊണ്ട് കുഞ്ഞിനെ മാമോദീസ മുക്കുന്നില്ല എന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്തു. എന്നാൽ, ഏതുവിധേനയും കുഞ്ഞിനെ മാമോ ദീസ മുക്കണം എന്നു നിർബന്ധിച്ചു കൊണ്ട് വീട്ടുകാരും വേണ്ടപ്പെട്ടവരും തന്നെ ഭീഷണിപ്പെ ടുത്തി. ഇക്കാരണം ചൊല്ലി തന്റെ പിതാവ് വറീത് രണ്ട് പ്രാവശ്യം ചേറുവിനെ നിർദ്ദയം പ്രഹരിച്ചു. മാത്രമല്ല പോർക്കുളത്തുള്ള തന്റെ ഭവനത്തിൽ നിന്ന് നിന്ദിച്ച് ഇറക്കി വിടുകയും ചെയ്തു.

വിശ്വാസസത്യങ്ങൾക്ക് വേണ്ടി നിലകൊണ്ടതിനാൽ യൗവനപ്രായത്തിൽ ഭാര്യയോടും പിഞ്ചുപൈതലിനോടും കൂടെ സ്വകുടുംബത്താൽ വെറുക്കപ്പെട്ടവനായി തന്റെ ഭവനത്തിന്റെ പടിയിറങ്ങി. വീട് വിട്ടിറങ്ങുമ്പോൾ തന്റെ ഹൃദയം എന്തെന്നില്ലാതെ വേദനിച്ചു. എവിടെ പാർക്കും? എന്തു ചെയ്യും? തന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. എങ്കിലും ഭാര്യയുടെ കണ്ണുനീർ തുടച്ചുകൊണ്ട് കുഞ്ഞിനെയും മാറോടു ചേർത്തുപിടിച്ച് താൻ കുന്നംകുളത്തേക്ക് നടന്നു. യേശു വിനെ മാത്രം നോക്കിക്കൊണ്ട്... കഷ്ടകാലത്തിലും കൈവിടാത്ത യേശുവിനെ സഖിയായി കണ്ടു കൊണ്ട് ഓരോ ചുവടും താൻ വെച്ചു. ഈ രംഗം തന്റെ മനസ്സിൽ തീക്കനലുകൾ ഉയർ ത്തുകയും ഒരിക്കലും വിസ്മരിക്കാനാവാത്ത അനുഭവമായി അത് മാറുകയും ചെയ്തു. ഈ ഓർമ്മകളെ സ്മരിച്ചുകൊണ്ട് ദൈവസ്നേഹത്തെക്കുറിച്ച് ധ്യാനിച്ചപ്പോൾ താൻ എഴുതിയ വരികളാണ് ഇന്ന് അനേകർക്ക് ആശ്വാസമേകുന്നത്.

***കൂട്ടം വെറുത്തു കുലവും വെറുത്തെന്നെ കൂട്ടുകാരും വെറുത്തു എന്നാൽ,***
***കൂട്ടായിത്തീർന്നെന്റെ സ്വർഗീയ സ്നേഹിതൻ കഷ്ടകാലത്തും വിടാ..***
***മാതാപിതാക്കന്മാർ എന്നെ വെടിഞ്ഞാലും സന്താപം ഇല്ലെനിക്ക്***
***എന്റെ മാതാപിതാവേക്കാൾ അൻപ് തിങ്ങിടുന്ന യേശുവുണ്ടിന്നെനിക്ക് ...***

എത്ര ഹൃദ്യമായ വരികൾ...

അനുഭവത്തിന്റെ ചെഞ്ചോരയാൽ എഴുതപ്പെട്ട ഈ വരികൾ പാടുമ്പോൾ നിറയാത്ത കണ്ണുകൾ ഉണ്ടോ?

ജീവിതത്തിന്റെ അന്ത്യനാളുകളിൽ പല രോഗങ്ങളാൽ വലഞ്ഞിരുന്നു എങ്കിലും ആ രോഗക്കിടക്കയിലും സുവിശേഷം പങ്കുവെച്ചു കൊണ്ടിരുന്നു. 1941 ജൂലൈ മൂന്നാം തീയതി തന്റെ അറുപതാമത്തെ വയസ്സിൽ കർതൃസന്നിധിയിൽ വിശ്രമത്തിനായി ചേർക്കപ്പെട്ടു.

*കടപ്പാട് ...*



ജോൺസൺ കടമ്പനാട്

# പെരുമാറ്റത്തിലെ മര്യാദകൾ...!

***നിഷ്കളങ്കമായ ഒരു ജീവിതം നയിക്കുന്നതിൽ ഞാൻ ശ്രദ്ധചെലുത്തും. അവിടന്ന് എപ്പോഴാണ് എന്റെ അരികിൽ എത്തുക? പരമാർഥ ഹൃദയത്തോടെ ഞാൻ എന്റെ ഭവനത്തിൽ പെരുമാറും. എന്റെ കണ്ണിനു മുന്നിൽ ഒരു നീചകാര്യവും ഞാൻ വെക്കുകയില്ല... (സങ്കീർത്തനങ്ങൾ 101:2,3)***

**ദൈ**വത്താൽ വിളിച്ചു വേർതിരിക്കപ്പെട്ട ഒരാളുടെ പെരുമാറ്റത്തിലെ മര്യാദകൾ എങ്ങനെയായിരിക്കണം? ജീവിതം അർത്ഥപൂർണ്ണം ആകേണ്ട വിധം കാര്യങ്ങൾ ക്രമീകരിച്ചെങ്കിൽ മാത്രമേ അത് ശരിയായ ജീവിതമാവുകയുള്ളൂ. ഉദാഹരണമായി ചിരിക്കുന്ന കാര്യത്തിൽ: ഒരാൾ പുഞ്ചിരിക്കുന്നു... മറ്റൊരാൾ ഉച്ചത്തിൽ ചിരിക്കുന്നു... മറ്റു ചിലർ ഗൗരവഭാവം തുടരുന്നു. ഇതിൽ ഏറ്റവും ശരിയായ പ്രതികരണം ഏതാണ്? ഓരോരുത്തരെ സംബന്ധിച്ചും അവരവരുടെ ശരി, ശരി തന്നെയാണ്. പക്ഷേ ഇതിലെല്ലാം പൊതുവായ ചില മാനദണ്ഡങ്ങൾ ഉണ്ട്. പുഞ്ചിരിച്ചാലും ചിരിച്ചാലും പൊട്ടിച്ചിരിച്ചാലും ഒരു കാരണവശാലും മറ്റൊരാൾക്ക് ഇടർച്ച ആകാതിരിക്കുക. ചിലരുടെ ചിരി മറ്റു ചിലർക്ക് അരോചകമാണ്. ഇതിലെല്ലാം നാം പരിജ്ഞാനത്തോടെ പെരുമാറണം.

അതുപോലെ നാം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് നേരമ്പോക്ക് സംസാരങ്ങൾ. സംഭാഷണം നല്ല ഒരു ഔഷധം പോലെ ആകണം. അധികം നർമ്മരസങ്ങളും തമാശകളും കലർത്തിയ സംഭാഷണങ്ങൾ ആത്മീയരായ കേൾവിക്കാരിൽ വിരസത ഉളവാക്കും. ആത്മികരുടെ സംസാരവും സാധാരണ മനുഷ്യരുടെ സംസാരവും തമ്മിൽ വ്യത്യാസമുണ്ട്, ഉണ്ടായിരിക്കണം. നമ്മുടെ സംഭാഷണം മറ്റുള്ളവർക്ക് ഹൃദ്യവും ആസ്വാദ്യവും അനുഗ്രഹവും ആയിരിക്കണം. ജീവിതത്തിന്റെ താള രാഗ ലയാത്മകങ്ങളിൽ നർമ്മങ്ങളും ആസ്വദിക്കാം. പക്ഷേ നിർമ്മലമായിരിക്കണം എന്ന് മാത്രം.

ഒത്തുകൂടുമ്പോൾ ഒരുവന് രസം തോന്നിയിട്ട് ഒരു തമാശ പറയുന്നു എന്ന് കരുതുക. കേൾക്കുന്നവർ ചിരിക്കുന്നു, ചിലർക്ക് ചിരി അടക്കുവാൻ കഴിയുന്നില്ല. പറഞ്ഞ ആളാകട്ടെ ചിരിക്കുന്നതേയില്ല. മറ്റുള്ളവർ ചിരിക്കട്ടെ എന്ന് കരുതിയാവും പറഞ്ഞത്. ചിലരാകട്ടെ ചിരിച്ചുകൊണ്ട് പറഞ്ഞു തുടങ്ങും... ഒടുവിൽ വളരെ ഗൗരവകരമായ അവസ്ഥയിൽ ആ വിഷയം അവസാനിപ്പിക്കും. അർത്ഥം വെച്ചുള്ള പ്രയോഗങ്ങൾ സംസാരത്തിൽ കടന്നുവന്നാൽ ഒടുവിൽ പരിഹാസ വിഷയമായി മാറുവാൻ സാധ്യതയുണ്ട്. പരിഹാസം മന:പ്പൂർവ്വമായ പ്രയോഗമാണ്. അറിയാതെ വരുന്നതല്ല. പരിഹാസം പാപമാണ്, പാഴ്വാക്കാണ്. ആകയാൽ നർമ്മരസങ്ങളും തമാശകളും കലർത്തിയ സംഭാഷണങ്ങൾ ഒടുവിൽ പരിഹാസ്യമായി മാറാതെ സൂക്ഷിക്കുക. ഒരു രസം എന്നും... തമാശയെന്നും അതിനെക്കുറിച്ചു അവർ പറയുന്നു. എന്നാൽ പരിഹാസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുത് എന്നു ഒന്നാം സങ്കീർത്തനത്തിൽ മുന്നറിയിപ്പ് നൽകുന്നു.

ആത്മികർ നർമ്മരസ സംഭാഷണത്തിൽ ഏർപ്പെട്ടാൽപ്പോലും ആത്മനിയന്ത്രണം തീർച്ചയായും ഉണ്ടാകണം. ആത്മികരുടെ വാക്കുകളിൽ വഴക്കമുണ്ട്. ആരെയും അവർ വ്രണപ്പെടുത്താറില്ല. നിർമ്മല വാക്കുകൾ പറയുന്നതിൽ ര

സം കണ്ടെത്തും. സമാധാനമായിരിക്കും അവരുടെ അവസാനവാക്കിലും വന്നു ഭവിക്കുക. എന്നിരുന്നാലും ആത്മീയർ ഇനിയും തങ്ങളുടെ സംഭാഷണങ്ങളെയും വാക്കുകളെയും ഉപദേശങ്ങളെയും നിർമ്മലീകരിക്കേണ്ടതുണ്ട്. കൊളുത്തു വാക്ക്... കുത്തുവാക്ക്... കൂരമ്പുള്ള വാക്ക്... പാഴ്വാക്ക് ഇങ്ങനെയുള്ളതൊന്നും സംസാരിക്കുവാൻ ആത്മീകന് ഇടയാകരുത്. ലൈംഗിക അധാർമികത, ഒരുതരത്തിലുമുള്ള അശുദ്ധി, ദുരാഗ്രഹം ഇവയുടെ പേരുപോലും കേൾക്കാൻ ഇടയാകരുത്; കാരണം ഇവ ദൈവത്തിന്റെ വിശുദ്ധജനത്തിന് ഭൂഷണമല്ല. നിരർഥക സംഭാഷണം, അശ്ലീലഫലിതം ഇങ്ങനെ അയോഗ്യമായവയൊന്നും പാടുള്ളതല്ല; പകരം സ്തോത്രശബ്ദമാണ് ഉയരേണ്ടത്.

ഫലിതവും ഫലവത്താകണം. ഫലിതം പരിതാപകരമായ വിധം ഫണം വിടർത്തുവാൻ ഇടയുണ്ട്. ആകയാൽ ഫലിതം സംസാരിച്ച് കൃപ നഷ്ടപ്പെടുത്തി ആത്മീയ ജീവിതം പരാജയപ്പെടുത്തരുത്. കഥാപ്രസംഗകർ ഫലിതം പറയും പോലെ സുവിശേഷപ്രസംഗകരും പലതും പറയാറുണ്ട്. കെട്ടുകഥകളും, കണ്ട കഥകളും, കേട്ട കഥകളും പറയാറുണ്ട്. ഇതിൽ കണ്ടകഥകളും കേട്ട കഥകളും ഫലിതരൂപേണ പറയുമ്പോൾ ആരെയും കുത്തുവാനാകരുത്.

കുത്തുവാക്കുകളും ശരിന്യായങ്ങളും ഒത്തുവരുമ്പോൾ കുറ്റപ്പെടുത്തുവാൻ വാക്കുകളും ഒത്തുവരും. തങ്ങൾ തെറ്റിപ്പോകുന്ന കാര്യം, കുറ്റപ്പെടുത്തുന്നവർ ഓർക്കുകയേയില്ല. ആരെയും വിധിക്കരുത് എന്ന വാക്യം അവിടെ നിൽക്കട്ടെ... വിധി ഇതൊന്നുമല്ലെന്നേ.... ഇത് ഒരു തമാശയായിട്ട് എടുത്താൽ മതി.... വെറുതെ ഒരു നേരമ്പോക്കിന് പറഞ്ഞതല്ലേ.... അതിനിത്ര പരിഭവിക്കേണ്ടതുണ്ടോ... ഇങ്ങനെ എത്രയോ സ്വയന്യായീകരണത്തിന്റെ വ്യർത്ഥവാക്കുകൾ... അത് പാടെ ഒഴിവാക്കണം. സംഭാഷണങ്ങൾ നേരംപോക്കാനുള്ള അവസരമായി വിശ്വാസികൾ കാണരുത്. നിങ്ങളുടെ വാക്കുകൾ കൃപയോടുകൂടിയതും നിർമ്മലവും ആയിരിക്കട്ടെ. തമാശകളും അങ്ങനെതന്നെ. വൃക്ഷത്തെ അതിന്റെ ഫലം കൊണ്ട് തിരിച്ചറിയണം എന്നല്ലേ? ശകാരവാക്കിലും ശർക്കര വേണം എന്നാണ് പഴഞ്ചൊല്ല്.

ദൈവഹിത പ്രകാരം പ്രതികരിക്കുക എന്നാൽ വാക്കിലും പ്രയോഗത്തിലും പ്രവർത്തിയിലും ദൈവഹിതം ഉണ്ടായിരിക്കണം എന്നാണ്. ഹോ.. ഞാനങ്ങ് പറഞ്ഞു പോയി ക്ഷമിക്കുക... എന്തെല്ലാം കാര്യങ്ങൾ എന്നോട് പറഞ്ഞിട്ടുണ്ട്.... ഞാൻ പറഞ്ഞതാണോ കുഴപ്പം ആയത്... ഇതെല്ലാം പിന്മാറ്റത്തിന്റെ കുഴപ്പമാണ്.... പറഞ്ഞു പറഞ്ഞ് കാടു കയറുന്നു... ക്ഷമിക്കാൻ ആയി പറയുന്നതാ... അങ്ങ് ക്ഷമിച്ചേക്കു... ഈ പ്രയോഗങ്ങൾ ശരിയായ മനോഭാവത്തിൽ നിന്നുള്ളതല്ല എന്നതല്ലേ വാസ്തവം...? തിരുവെഴുത്താവശ്യപ്പെടുന്ന ക്ഷമ ഇതാണോ? ഈ ചോദ്യത്തിന്റെ ശരിയായ ഉത്തരം നാം കണ്ടെത്തുക.

ആത്മികവിഷയങ്ങളിൽ പരിജ്ഞാനം സുപ്രധാനമാണ്. ആർക്കെങ്കിലും എന്തെങ്കിലും ദാനം നൽകിയ ശേഷം ആ വ്യക്തിയെ കുത്തി നോവിക്കുന്നതുപോലെ ആകരുത് സംഭാഷണങ്ങൾ. ആത്മീയ ഉപദേശം നല്ലതാണ്. ക്രിസ്തീയ ജീവിതം ഭൗതികസിദ്ധാന്തത്താൽ രൂപീകൃതമല്ല. അതു പരിശുദ്ധാത്മാവിലുള്ള ക്രമീകരണങ്ങളാണ്. ഒരിക്കലും സുഖം പ്രാപിക്കാത്ത ഒരു രോഗിയെ അറിഞ്ഞുകൊണ്ട് ഡോക്ടർ ചികിത്സിച്ചാൽ എന്ത് വിശേഷം?ഡോക്ടറുടെപേര്ചീത്തയാകും എന്ന് മാത്രം. മനോരോഗിയെ മനോരോഗ ഡോക്ടർ ചികിത്സിക്കേണ്ടതുണ്ട്. അസ്ഥിരോഗ ഡോക്ടർ ചികിത്സിച്ചാൽ എന്തായിരിക്കും ഫലം. അതായത് ആരുടെയും ജീവിതം നാം എടുത്തു പന്താടരുത്. കാര്യങ്ങളെക്കുറിച്ചു നല്ല ബോധ്യം ഉണ്ടെങ്കിൽ മാത്രം അഭിപ്രായം പറയുന്നത് തെറ്റല്ല. അത് സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യവും മറ്റേയാൾക്കുണ്ട്.

ആത്മീയ നേതൃത്വത്തിലുള്ള മറ്റൊരാളുടെ അഭിപ്രായം കേൾക്കേണ്ടി വന്നത് മൂലം ജീവിതത്തിൽ പലതും നഷ്ടപ്പെടുത്തേണ്ടി വന്നവരുണ്ട്. അവർക്ക് ഒരിക്കലും ഇനി അത് തിരികെ ലഭിക്കുന്നില്ല. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ കേൾക്കുമ്പോൾ അത് പറയുന്നവർ കേൾക്കുന്നവർക്ക് ഗുണം ചെയ്തില്ലെങ്കിലും ഉപദ്രവമാകരുതു. 'വാക്കിൽ അല്ല ഹോ... ദൈവരാജ്യം നീതി സന്തോഷം ശാന്തിയിലാം' എന്നൊരു ഗാനപല്ലവിയുണ്ട്. ദൈവരാജ്യം പ്രസംഗിക്കുന്നവർ കേവലം വാക്കുകൊണ്ട് മാത്രം പ്രസംഗിച്ചാൽ പോരാ... തങ്ങളുടെ പ്രവർത്തിയും അനുയോജ്യമാകണം. ജീവിതം വ്യർത്ഥമാകാതെ അർത്ഥപൂർണ്ണം ആകുവാൻ പ്രവർത്തിയും അവസരത്തിനൊത്ത പരിജ്ഞാനവും ദൈവിക പരിജ്ഞാനവും നമുക്ക് ആവശ്യമാണ്. എങ്കിൽ സമാധാനത്തിന്റെ ദൈവം നമ്മെ ക്രിസ്തുയേശുവിൽ കാക്കും നിശ്ചയം. ●



ജെസ്സി സാജു




# സുവിശേഷീകരണത്തിൽ സഹോദരിമാർ

സുവിശേഷീകരണം സുവിശേഷകന്മാരുടെയും മിഷനറിമാരുടെയും മാത്രം ഉത്തരവാദിത്തം ആണെന്നാണ് പലരുടെയും ധാരണ. എന്നാൽ സഹോദരിമാരായ നമുക്കും മേല്പറഞ്ഞവരോടൊപ്പം വലിയ ഉത്തരവാദിത്തം ഉണ്ടെന്നുള്ളത് വിസ്മരിക്കരുത്. യേശുവിനെ അനുഗമിച്ച സ്ത്രീകൾ തങ്ങളുടെ വസ്തുവകകകൾ കൊണ്ട് യേശുവിന്റെ ശുശ്രൂഷയിൽ പങ്കാളികൾ ആയിരുന്നു. പൗലോസിനൊപ്പം സുവിശേഷ ഘോഷണത്തിൽ പോരാടിയ ചില സഹോദരിമാരെക്കുറിച്ച് പൗലോസും പറയുന്നുണ്ടല്ലോ. ഇതു നമ്മുടെയും ഉത്തരവാദിത്തത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിനെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

'ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊള്ളുക' (എഫെസ്യർ 5:16) ഈ വാക്യം നമുക്ക് വളരെ സുപരിചിതമാണ്. ഈ വചനത്തിൽ നിന്നും പ്രസംഗകർ നിരന്തരം പ്രസംഗിക്കുകയും നാം കേൾക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിന്റെ മുകളിലെ രണ്ട് വാക്യങ്ങൾ ചേർത്തു വായിക്കുമ്പോൾ അത് ശരിക്കും നമ്മെ ഞെട്ടിക്കുന്നതും ആത്മികസത്യങ്ങളിലേക്കു നയിക്കുന്നതും ആണ്. 'ഉറങ്ങുന്നവനെ ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക, എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും എന്നു ചൊല്ലുന്നു' (എഫെസ്യർ 5:14).

കാലങ്ങളെയും സമയങ്ങളെയും വിവേചിക്കാൻ നാം വിളിക്കപ്പെട്ടവരാണ്. നാം ജീവിക്കുന്ന ഈ സമയം ആത്മീകമായും ധാർമികമായും രാഷ്ട്രീയമായും അധ:പ്പതിച്ചു കൊണ്ടിരിക്കുന്ന ഒരു കാലമാണ്. മതം കേവലം ഒരു ആചാരമായി മാറി. യൂറോപ്പിലും മറ്റു പല പാശ്ചാത്യ രാജ്യങ്ങളിലും ഒട്ടുമിക്ക ദൈവാലയങ്ങളും അടച്ചുപൂട്ടി. എന്നുതന്നെയല്ല അവ ഇപ്പോൾ ബാറുകളും സിനിമാകോട്ടകളും മ്യൂസിയങ്ങളും ഒക്കെ ആയി പരിണമിച്ചു. ധാർമികത നമ്മുടെ സമൂഹത്തിലും കുടുംബത്തിലും വളരെ വിരളമായി മാത്രമാണ് കാണുന്നത്. ലോക രാഷ്ട്രങ്ങളുടെ അവസ്ഥ നോക്കിയാൽ ഇത്രയധികം സ്വാർത്ഥവും ഏകാധിപത്യവും ആയ ഒരു കാലം ഇതിനു മുമ്പുണ്ടായിരുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കാലം ഇങ്ങനെയൊക്കെ ആയിട്ടും നാം ആരും ഇതൊന്നും അറിയുന്നുമില്ല, ശ്രദ്ധിക്കുന്നുമില്ല. കാരണം നാം ആത്മികമായി ഉറങ്ങുകയാണ്. ഉറങ്ങുന്നു എന്ന് തന്നെയല്ല, അനസ്തേഷ്യ കൊടുത്തതുപോലെ ബോധം കെട്ടുള്ള ഗാഢനിദ്രയിലാണ്. മറ്റൊരു കാര്യം: നാം ഉറങ്ങുന്നത് മരിച്ചവരുടെ ഇടയിലാണ്. അതാണ് അത് നമ്മെ ഭീതിപ്പെടുത്തുന്നില്ലേ എന്ന് ചോദിക്കുന്നതിന്റെ പ്രേരകം. ഉണർന്നു കണ്ണു തുറന്നു നോക്കിയാൽ, നമുക്കുചുറ്റും ആത്മീയമായി മരിച്ചവരെ കാണാം. അവരുടെ പാപത്തെ ഓർപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട ഓരോ ക്രിസ്ത്യാനിയും. യേശു എന്റെ രക്ഷകനും എന്റെ കർത്താവും എന്ന് (നമ്മെ മുഴുവനായി നിയന്ത്രിക്കുന്ന വ്യക്തി) നാം വിശ്വസിക്കുകയും നമ്മുടെ പാപങ്ങളെ ഏറ്റുപറയുകയും ചെയ്യുക മാത്രമല്ല, യേ

ശുവിന്റെ ജീവിതം മാതൃകയാക്കി ജീവിക്കുകയും ചെയ്യുന്ന വ്യക്തിയാണ് ക്രിസ്ത്യാനി.

യെശയ്യാ പ്രവചനം ആറാം അധ്യായം ഒന്നു മുതൽ വായിച്ചാൽ യെശയ്യാവിനുണ്ടായ ദൈവവിളി ഒരു ഉണർവിലേക്ക് അദ്ദേഹത്തെ നയിക്കുന്നത് കാണാം. യെശയ്യാവ് പരിശുദ്ധനായ ദൈവത്തിന്റെ വിശുദ്ധി കണ്ടപ്പോൾ, താൻ തന്നിലേക്ക് തന്നെ നോക്കി തന്റെ ജീവിതത്തിലെ അശുദ്ധി മനസ്സിലാക്കുകയും ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ഒരു മനുഷ്യൻ എന്ന് ഏറ്റു പറയുകയും നിലവിളിക്കുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ ശുദ്ധിയില്ലാത്ത അധരങ്ങളുള്ള ജനങ്ങളുടെ നടുവിൽ വസിക്കുന്നു എന്ന് തിരിച്ചറിയുകയും ചെയ്യുന്നു. ദൈവം തന്റെ അധരങ്ങളെ തൊട്ടതിനാൽ തന്റെ അകൃത്യം നീങ്ങി തന്റെ പാപത്തിന് പരിഹാരം വന്നു. അങ്ങനെ ദൈവവുമായി ഒരു നിരപ്പു പ്രാപിച്ചു കഴിഞ്ഞ ഉടൻ ദൈവശബ്ദം കേൾക്കുന്നു. 'അനന്തരം ഞാൻ ആരെ അയയ്ക്കേണ്ടു? ആർ നമുക്കുവേണ്ടി പോകും? എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ട്, അടിയൻ ഇതാ അടിയനെ അയയ്ക്കേണമേ എന്നു ഞാൻ പറഞ്ഞു'. 'അപ്പോൾ അവൻ അരുളിച്ചെയ്തത്, നീ ചെന്ന് ഈ ജനത്തോട് പറയേണ്ടത്: നിങ്ങൾ കേട്ടു കൊണ്ടിട്ടും തിരിച്ചറിയുകയില്ല, നിങ്ങൾ കണ്ടു കൊണ്ടിട്ടും ഗ്രഹിക്കുകയും ഇല്ല, ഈ ജനം കണ്ണുകൊണ്ട് കാണുകയോ, ചെവികൊണ്ട് കേൾക്കുകയോ, ഹൃദയംകൊണ്ട് ഗ്രഹിക്കുകയോ, മനസ്സു തിരിഞ്ഞു സൗഖ്യം പ്രാപിക്കുകയോ ചെയ്യാതെ ഇരിക്കേണ്ടതിന്, നീ അവരുടെ ഹൃദയം തടിപ്പിക്കുകയും അവരുടെ ചെവി മന്ദമാക്കുകയും അവരുടെ കണ്ണ് അടച്ചു കളയും ചെയ്തു. കർത്താവേ എത്രത്തോളം?' (യെശയ്യാവ് 6: 9,10)

യഥാർത്ഥ ദൈവീകദർശനം ലഭിച്ച വ്യക്തിയുടെ മനോഭാവമാണ് നാം ഇവിടെ കാണേണ്ടത്. **ഒന്നാമത്** ദൈവീക ദർശനം ലഭിക്കുന്നു. **രണ്ടാമത്** സ്വയം കാണുന്നു. **മൂന്നാമത്** തനിക്ക് ചുറ്റുമുള്ള ജനങ്ങളുടെ പാപാവസ്ഥ അറിയുന്നു. അവരുടെ ആത്മീയ കണ്ണുകൾ കുരുടായിരിക്കുന്ന അവസ്ഥ മനസ്സിലാക്കിയിട്ട് 'ദൈവമേ എത്രത്തോളം' എന്ന് ഹൃദയത്തിൽ നിന്ന് നിലവിളിക്കുന്നു. ഇതായിരിക്കണം നമ്മുടെ ഓരോരുത്തരുടെയും മനോഭാവവും പ്രാർത്ഥനയും. നാം പള്ളികളിലും സഭകളിലും ഒക്കെ പോകുന്നവരാണ്. എല്ലാം ഓരോ ചട്ടക്കൂടുകൾ ആണ്. എല്ലാ ദിവസവും ഒരേ രീതിയിലാണ് കാര്യങ്ങൾ.... ആരാധന അതിന്റെ ക്രമത്തിൽ മുമ്പോട്ട് പോകും. എന്നാൽ നാം തല ഒന്ന് ഉയർത്തി നോക്കിയിരുന്നുവെങ്കിൽ, കൊയ് ത്തിനായി വെളുത്തനിലങ്ങൾ കാണാമായിരുന്നു. നാം കണ്ണൊന്നു തുറന്നു നോക്കിയിരുന്നു എങ്കിൽ അന്ധത നിറഞ്ഞ ജനസമൂഹത്തെ കാണാമായിരുന്നു. എന്നാൽ ഇതൊന്നും നമ്മെ ബാധിക്കുന്നേയില്ല. പലപ്പോഴും വിശുദ്ധരായ ജനങ്ങൾ പോലും അവരുടെ വിശുദ്ധി, ദൈവവും അവരും മാത്രമായുള്ള ഒരു ബന്ധത്തിൽ അധിഷ്ഠിതമായി സൂക്ഷിക്കുന്നു. നല്ല കാര്യം തന്നെ. പക്ഷേ മഹാദൗത്യത്തിന്റെ ആവശ്യകത നമ്മുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു.

**നാം അത് ചെവിയോർത്തു കേൾക്കുകയും അവരുടെ നിർദ്ദേശം അനുസരിക്കുകയും, ആഗ്രഹം സാധിപ്പിക്കുകയും ചെയ്യുന്നത് സാധാരണമാണ്. അങ്ങനെ വേണം. അത് നമ്മുടെ ഉത്തരവാദിത്തമാണ്, കടമയാണ്, കടപ്പാടാണ്.**

എന്തായിരുന്നു യേശുവിന്റെ ആദ്യത്തെ കൽപ്പന? വരിക...വരിക: 'അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളവരെ എന്റെ അടുക്കൽ വരിക'. എന്തായിരുന്നു അവിടുത്തെ അവസാനത്തെ കല്പന?: 'പോകുക... പോകുക' ദൗത്യവുമായി പോകുക. ഏതു വ്യക്തിയുടെയും അന്ത്യവാക്കുകൾ പ്രസക്തമാണ്. നാം അത് ചെവിയോർത്തു കേൾക്കുകയും അവരുടെ നിർദ്ദേശം അനുസരിക്കുകയും, ആഗ്രഹം സാധിപ്പിക്കുകയും ചെയ്യുന്നത് സാധാരണമാണ്. അങ്ങനെ വേണം. അത് നമ്മുടെ ഉത്തരവാദിത്തമാണ്, കടമയാണ്, കടപ്പാടാണ്. മരിക്കാൻ കിടക്കുന്ന വ്യക്തിയോട് നാം കാണിക്കുന്ന ബഹുമാനവും ആണ്. അന്ത്യാഭിലാഷങ്ങൾ സഫലീകരിച്ചു കൊടുക്കുക എന്നതാണ് സ്നേഹമുള്ള വ്യക്തിയുടെ ഏറ്റവും വലിയ ദൗത്യം.

അങ്ങനെയെങ്കിൽ കാൽവറി ക്രൂശിൽ നമ്മുടെ പാപങ്ങൾക്ക് വേണ്ടി യാഗമായിത്തീർന്ന, യേശു കർത്താവിന്റെ അന്ത്യവാക്കുകൾ, അന്ത്യാഭിലാഷം പൂർത്തീകരിക്കേണ്ടത് മക്കളായ നാം ഓരോരുത്തരും ആണ്. എന്തായിരുന്നു അവിടുന്ന്

അവസാനമായി പറഞ്ഞത്: 'ആകയാൽ നിങ്ങൾ പുറപ്പെട്ടു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളെയും ശിഷ്യരാക്കി ക്കൊൾവിൻ. ഞാനോ ലോകാവസാനത്തോളവും എല്ലാം നാളും നിങ്ങളോടുകൂടെ ഉണ്ട് എന്ന് അരുളിച്ചെയ്തു' (മത്തായി 28:19,20). യേശു മരിച്ച് അടക്കപ്പെട്ടു ഉയിർത്തെഴുന്നേറ്റ ശേഷം വീണ്ടും ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവിടുന്ന് തുടർന്നും അരുളിച്ചെയ്തത്: 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്ന് പറഞ്ഞു' (അപ്പോസ്തലപ്രവർത്തി 1: 8 )

ഒരു കാര്യം വീണ്ടും വീണ്ടും ഓർപ്പിക്കണമെങ്കിൽ അതിന്റെ പ്രാധാന്യം അത്രയ്ക്കും വലുതാണ്. എങ്ങനെയാണ് സുവിശേഷം അറിയിക്കുക എന്ന് പലരും ചോദിക്കുന്ന ഒരു ചോദ്യമാണ്. നാം നമ്മുടെ ജീവിതത്തിൽ, യേശുവുമായി നമുക്ക് ഉണ്ടായ അനുഭവങ്ങൾ (Encounter with Jesus ) പങ്കുവെക്കുന്നതാണ് യഥാർത്ഥ സാക്ഷ്യം. ജീവനുള്ള ദൈവത്തെ, നമ്മുടെ പ്രാർത്ഥന കേൾക്കുന്ന ദൈവത്തെ, ഉയിർത്തെഴുന്നേറ്റ ദൈവത്തെ, വളരെ ലളിതമായ ഭാഷയിൽ മറ്റുള്ളവരോട് പങ്കുവെക്കുക എന്നതാണ് 'എന്റെ സാക്ഷികൾ' എന്നു ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ അത്രയെങ്കിലും ചെയ്താൽ എത്ര സന്തോഷകരമായ അവസ്ഥയായി അത് മാറിയേനെ. രണ്ടാമതായി 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്ക' അത് യേശുവിന്റെ അന്ത്യകൽപ്പനയാണ്. സുവിശേഷം കേൾക്കുന്ന, മാനസാന്തരപ്പെടുന്ന വ്യക്തി അനുഷ്ഠിക്കേണ്ട അനുസരണത്തിന്റെ പ്രവർത്തിയാണ് സ്നാനം. (റോമർ 6:16). മൂന്നാമതായി 'ഞാൻ നിങ്ങളോട് കൽപ്പിച്ചത് ഒക്കെയും പ്രമാണിക്കാൻ തക്കവണ്ണം ഉപദേശിക്കണം'. എന്താണ് യേശുവിന്റെ ഉപദേശങ്ങൾ? പുറപ്പാട് പുസ്തകം ഇരുപതാം അധ്യായത്തിൽ ദൈവം മോശെയെ പർവ്വതത്തിലേക്ക് വിളിച്ചിട്ട് അവിടുന്ന് തന്റെ ഹൃദയം പങ്കുവെച്ച് ജനങ്ങൾക്ക് പാലിക്കാനായി 10 കൽപ്പനകൾ എഴുതിക്കൊടുത്തു. എന്നാൽ പുതിയനിയമത്തിലേക്ക് വരുമ്പോൾ യേശുക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിൽ കുറച്ചും കൂടെ ആഴമായി ഞാനോ നിങ്ങളോടു പറയുന്നത് എന്നു പറഞ്ഞ്, വ്യക്തമാക്കി വീണ്ടും കൽപ്പനകൾ ആവർത്തിക്കുന്നു. അത് പാലിക്കുമ്പോൾ നാം ദൈവരാജ്യത്തിന്റെ അവകാശികൾ ആയിത്തീരുന്നു. അതായത് സ്വർഗ്ഗത്തിൽ പോകാൻ ഈ കൽപ്പനകൾ അനുസരിച്ചേ പറ്റൂ എന്ന് വ്യക്തമായി പറയുന്നു. അങ്ങനെയേ നമുക്ക് യേശുവിന്റെ ശിഷ്യരാകാൻ പറ്റുകയുള്ളൂ. ഈ സന്ദേശമാണ് നാം മറ്റുള്ള വരിലേക്ക് പകർന്നും പറഞ്ഞും കൊടുക്കേണ്ടത്. അങ്ങനെ ശിഷ്യരാക്കിക്കൊള്ളുന്നവരോട് കൂടെ കർത്താവിന്റെ സാന്നിധ്യം എപ്പോഴും ഉണ്ടാ യിരിക്കും. കൽപ്പനകൾ അനുസരിക്കാൻ പ്രയാ സം വരുമ്പോൾ അനുസരണത്തിൽ നമ്മെ ശക്തീകരിക്കാൻ ആണ് പരിശുദ്ധാത്മാവിനെ നൽകിയത്. യേശുവിന്റെ ജീവിതം ജീവിക്കാനും പരിശുദ്ധാത്മാവ് ആവശ്യമാണ്. സുവിശേഷം അറിയിക്കാനും പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്. അങ്ങനെ നാം പരിശുദ്ധാത്മാവിന്റെ സഹായത്താൽ അവിടുത്തോടൊപ്പം ജീവിച്ചു സുവിശേഷം അറിയിക്കുകയാണെങ്കിൽ ഫലം കാണുവാൻ കഴിയും.

ആദ്യമായി നാം സുവിശേഷം അറിയിക്കേണ്ടത് എവിടെയാണ്? ഒന്നാമതായി യെരുശലേമിലാണ്. യേശുവിന്റെ ശിഷ്യന്മാരുടെ നാടായിരുന്നു അത്. നമ്മെ സംബന്ധിച്ചടത്തോളം നാം ആയിരിക്കുന്ന നമ്മുടെ ജന്മദേശം. നാട് സുവിശേഷീകരിക്കുന്നതിന് മുമ്പ് തന്നെ വീട് സുവിശേഷികരിക്കപ്പെടേണ്ടത് ആവശ്യമാണ്. നാമും നമ്മുടെ കുടുംബവും മക്കളും കൊച്ചുമക്കളും കൂട്ടുകുടുംബാംഗങ്ങളും ഒക്കെ യേശുവിനെ അറിയണമെങ്കിൽ, വ്യക്തമായി ദൈവവുമായി ഒരു ബന്ധത്തിലേക്ക് അവർ എത്തണമെങ്കിൽ, നാം അവരോട് സുവിശേഷം അറിയിക്കേണ്ടതു ആവശ്യമാണ്. ഒന്നാമത്തെ മിഷൻ ഫീൽഡ് നമ്മുടെ ഭവനങ്ങളാണ്. പിന്നെ നമ്മുടെ നാട് സുവിശേഷീകരിക്കപ്പെടണം. നമ്മുടെ സംസ്ഥാനവും രാജ്യവും ലോകരാഷ്ട്രങ്ങളും സുവിശേഷീകരിക്കപ്പെടണം. അതിനാൽ നാം നമ്മുടെ ഉറക്കം വിട്ടുണർന്ന് സുവിശേഷം അറിയിക്കേണ്ട ദൗത്യം ഏറ്റെടുക്കാം.



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# സഭയുടെ സൗഭാഗ്യവും അധികാരവും

***നിന്റെ സഹോദരൻ നിന്നോടു പിഴച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവനു ബോധം വരുത്തുക; അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെ നേടി. കേൾക്കാഞ്ഞാലോ രണ്ടു മൂന്നു സാക്ഷികളുടെ വായാൽ സകല കാര്യവും ഉറപ്പാകേണ്ടതിന് ഒന്നു രണ്ടു പേരെ കൂട്ടിക്കൊണ്ടു ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയോട് അറിയിക്ക; സഭയെയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനും എന്ന പോലെ ഇരിക്കട്ടെ. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ഭൂമിയിൽവച്ചു നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്ന് അവർക്കു ലഭിക്കും; രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു ( മത്തായി 18:15 - 29)***

ജനങ്ങൾ ഒരുമിച്ച് കൂടുന്ന കൂട്ടം സഭ എന്നാണ് അറിയപ്പെടുന്നത്. ഉദാഹരണത്തിന് നിയമസഭ, ലോക്സഭ, രാജ്യസഭ, ഗ്രാമസഭ തുടങ്ങിയവ. ഒരു പ്രത്യേക ഉദ്ദേശ്യത്തിനായി കൂടുന്ന കൂട്ടം! ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തെ സഭ (Church) എന്ന് വിളിക്കുന്നു. ക്രിസ്തുവിൽ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ സമൂഹമാണ് സഭ. അവരിൽ രണ്ടോ മൂന്നോ പേർ യേശുവിന്റെ നാമത്തിൽ എവിടെ കൂടി വന്നാലും അത് ഒരു സഭയാണ്.

വിശ്വാസികൾ തമ്മിൽ തമ്മിൽ ക്രിസ്തുവിലും ക്രിസ്തുവിനു വേണ്ടിയും ബന്ധിക്കപ്പെട്ടിരിക്കുന്നവരാണ്. അവർ തമ്മിൽ തമ്മിൽ സ്നേഹിക്കുകയും കരുതുകയും ചെയ്യേണ്ടവരാണ്. അത് നമ്മുടെ സൗഭാഗ്യമാണ്. നമ്മിലാരും പിന്മാറി പോകുവാൻ ഇടവരരുത് എന്ന ആത്മാർത്ഥ ആഗ്രഹവും ശ്രദ്ധയും നമുക്കുണ്ടായിരിക്കണം.

വിശ്വാസികളിൽ ഒരുവൻ പാപം ചെയ്താൽ ആ വ്യക്തിയെ യഥാസ്ഥാനപ്പെടുത്തുവാൻ ശ്രമിക്കണം. ആ പാപം ഒരുപക്ഷേ മറ്റൊരു വിശ്വാസിക്ക് എതിരായിട്ടായിരിക്കാം. അങ്ങനെയെങ്കിൽ ആ വ്യക്തി പാപം ചെയ്ത വ്യക്തിയെ തനിച്ച് കണ്ട് തെറ്റ് ചൂണ്ടി കാണിക്കണം. അങ്ങനെ ആ വ്യക്തിയെ യഥാസ്ഥാനപ്പെടുത്തി നേടുവാൻ ശ്രമിക്കണം. അപ്പോസ്തലനായ പൗലോസും നമുക്ക് തന്റെ ലേഖനത്തിൽ ഉപദേശം നൽകിയിട്ടുണ്ട്.

'സഹോദരന്മാരെ, ഒരു മനുഷ്യൻ വല്ല തെറ്റിലും അകപ്പെട്ടു പോയെങ്കിൽ ആത്മീകരായ നിങ്ങൾ അങ്ങനെയുള്ളവനെ സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാനപ്പെടുത്തുവിൻ' (ഗലാത്യർ 6:1). ഈ സമീപനം ക്രിസ്തുവിന്റെ സ്നേഹത്തിൽ അപരനോട് ക്ഷമിക്കുവാനുള്ള മനസ്സൊരുക്കത്തോടു കൂടിയാണ്.

തെറ്റു ചെയ്ത വ്യക്തിക്ക് തെറ്റു ചൂണ്ടി കാണിച്ചു കൊടുക്കുമ്പോൾ ആ വ്യക്തിയുടെ പ്രതികരണം വളരെ പ്രധാനപ്പെട്ടതാണ്. 'നമുക്ക് പാപം ഇല്ല എന്ന് നാം പറയുന്നു എങ്കിൽ നമ്മെത്തന്നെ വഞ്ചിക്കുന്നു, സത്യം നമ്മിൽ ഇല്ലാതെയായി. നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ അവിടുന്ന് നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു' (1 യോഹന്നാൻ 1:8,9). തെറ്റു സമ്മതിക്കാതെ ഇരിക്കുന്നത് ആത്മവഞ്ചനയാണ്. പാപം ക്ഷമിക്കപ്പെടുവാനുള്ള വഴി അടയ്ക്കുകയാണ്. നാശത്തിനുള്ള വഴി സ്വയം തുറക്കുകയാണ്.

അതുകൊണ്ട് യേശു പറഞ്ഞു: തെറ്റു ഓർമ്മിപ്പിച്ചിട്ട് ആ വ്യക്തി അത് നിരാകരിച്ചാൽ, വിശ്വാസികളിൽ നിന്നും ഒന്നോ രണ്ടോ പേരെ കൂട്ടിക്കൊണ്ട് അവരെ സാക്ഷി നിർത്തി തെറ്റ് ചെയ്ത വ്യക്തിയോട് സംസാരിക്കണം. അപ്പോഴും ആ വ്യക്തി തെറ്റ് സമ്മതിക്കുന്നില്ല എങ്കിൽ സഭയോട് അറിയിക്കണം. സഭയെയും കൂട്ടാക്കാതെ വന്നാൽ ആ വ്യക്തിയുമായുള്ള സഹകരണം നിർത്തണം. തെറ്റ് ചെയ്ത വ്യക്തിക്ക് മാനസാന്തരപ്പെടുവാനുള്ള അവസരങ്ങൾ കർത്താവ് കൊടുക്കുകയാണ്. കാരണം, ആരും നശിച്ചു പോകുന്നത് കർത്താവിന് ഇഷ്ടമല്ല.

വിശ്വാസികൾ തമ്മിൽ പ്രശ്നമുണ്ടായാൽ, ആ പ്രശ്നം അവർക്കിടയിൽ തന്നെ പരിഹരിക്കണം എന്നതാണ് കർത്താവ് നൽകുന്ന വ്യവസ്ഥ. അപ്പോസ്തലനായ പൗലോസ് കൊരിന്ത്യർക്കു ലേഖനം എഴുതുമ്പോൾ അവർക്കിടയിലുള്ള പ്രശ്നങ്ങളെ പരാമർശിച്ച് ഈ കാര്യം തന്നെ അവർക്ക് എഴുതുന്നുണ്ട്. അവരിൽ ചിലർ നീതിക്കായി കോടതിയെ സമീപിച്ചത് പരാമർശിച്ച്, അപ്രകാരമല്ല, പിന്നെയോ വിശ്വാസികൾ തന്നെ സ്വയം പ്രശ്നം പരിഹരിക്കണം എന്നാണ് നിഷ്കർഷിച്ചത്. 'നിങ്ങളിൽ ഒരുത്തനു മറ്റൊരുത്തനോട് ഒരു കാര്യം ഉണ്ടെങ്കിൽ വിശുദ്ധന്മാരുടെ മുമ്പാകെ അല്ല, അഭക്തന്മാരുടെ മുമ്പിൽ വ്യവഹാരത്തിനു പോകുവാൻ തുനിയുന്നുവോ? വിശുദ്ധന്മാർ ലോകത്തെ വിധിക്കും എന്ന് അറിയുന്നില്ലയോ? ലോകത്തെ നിങ്ങൾ വിധിക്കുമെങ്കിൽ ഏറ്റവും ചെറിയ സംഗതികളെ വിധിപ്പാൻ നിങ്ങൾ അയോഗ്യരോ? നാം ദൂതന്മാരെ വിധിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ? ഐഹികകാര്യങ്ങളെ എത്ര അധികം? എന്നാൽ നിങ്ങൾക്ക് ഐഹികകാര്യങ്ങളെക്കുറിച്ചു വ്യവഹാരം ഉണ്ടെങ്കിൽ വിധിപ്പാൻ സഭ ഗണ്യമാക്കാത്തവരെ ഇരുത്തുന്നുവോ? നിങ്ങൾക്കു ലജ്ജയ്ക്കായി ഞാൻ ചോദിക്കുന്നു; ഇങ്ങനെ സഹോദരന്മാർക്കു മധ്യേ കാര്യം തീർപ്പാൻ പ്രാപ്തിയുള്ളോരു ജ്ഞാനിയും? നിങ്ങളുടെ ഇടയിൽ ഇല്ലയോ?'(1 കൊരിന്ത്യർ 6:1,5).

വഹിക്കുവാനും ക്ഷമിക്കുവാനും അപരനെ നഷ്ടപ്പെടുത്താതെ ക്രിസ്തുവിനായി നേടണം എന്നുമുള്ള ആത്മാർത്ഥതയും ആത്മഭാരവുമുള്ള മനോഭാവം വിജയകരമായ ക്രിസ്തീയ ജീവിതത്തിന് അനിവാര്യമാണ്. നമ്മുടെ എല്ലാ വരുടെയും സ്വഭാവത്തിൽ മാറ്റം വരേണ്ടതുണ്ട്. ഓരോ പ്രശ്നം അഭിമുഖീകരിക്കുമ്പോഴും, അത് ഏത് തരത്തിലുള്ളതാണെങ്കിലും, ദൈവഹിത പ്രകാരം നമ്മിൽ വരുത്തേണ്ട മാറ്റത്തിനുള്ള അവസരമായി അതിനെ സ്വീകരിക്കണം. ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തി പ്രാർത്ഥിക്കണം. മറ്റൊരുവന്റെ തെറ്റ് ആകയാൽ ആ വ്യക്തിയെ ക്രൂശിച്ച് നാം നീതിമാന്മാരാകുവാൻ ശ്രമിക്കരുത്.

'ആരും നശിക്കരുത്' എന്ന കർത്താവിന്റെ ഹൃദയവേദന നമുക്ക് ഉൾക്കൊള്ളുവാൻ കഴിയണം. ഒരു വ്യക്തിക്ക് മാനസാന്തരപ്പെടുവാൻ ലഭിക്കുന്ന അവസരങ്ങളെ അവഗണിക്കുന്നത് അബദ്ധമാണ്. മന:പ്പൂർവ്വം ഹൃദയത്തെ കഠിനപ്പെടുത്തുന്നവർക്ക് മാനസാന്തരം സാധ്യമല്ല. അതുകൊണ്ടാണ് 'അവൻ നിനക്ക് പുറജാതിക്കാരനും ചുങ്കക്കാരനും എന്നതുപോലെ ഇരിക്കട്ടെ'എന്ന് കർത്താവ് പറഞ്ഞത്. സഭ ഒരുവനെ തെറ്റുതിരുത്തുവാൻ ദൈവവചന പ്രകാരം ഉപദേശിക്കുമ്പോൾ അത് കേൾക്കാതെ ഹൃദയത്തെ കഠിനപ്പെടുത്തുന്നവർ സഭയ്ക്ക് വെളിയിൽ പോവുകയാണ്.

വിശുദ്ധന്മാർ ഒരുമിച്ച് ദൈവത്തെ അനുസരിച്ചു കൊണ്ട്, ദൈവവചന പ്രകാരം എടുക്കുന്ന തീരുമാനം സ്വർഗ്ഗത്തിലും അംഗീകരിക്ക

പ്പെടുന്നു. 'നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും' എന്ന് കർത്താവ് പറഞ്ഞതിന്റെ അർത്ഥം അതാണ്. വചനം അനുസരിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഹിതം നാം നടപ്പിൽ വരുത്തുകയാണല്ലോ. ദൈവം അതിന്മേൽ തന്റെ അംഗീകാരത്തിന്റെ മുദ്ര പതിപ്പിക്കും.

ദൈവവചന പ്രകാരം ചെയ്യുന്ന കാര്യങ്ങൾ എല്ലാം, നാം ദൈവത്തിന്റെ ദാസന്മാർ എന്ന നിലയിൽ ദൈവാശ്രയത്തോടും വിനയ മനോഭാവത്തിലും ആണ് ചെയ്യേണ്ടത്. അതിനാൽ എല്ലാറ്റിലും നാം ദൈവത്തോട് യാചിക്കണം, പ്രാർത്ഥിക്കണം. രണ്ടുപേർ മാത്രം ആയാലും വചനം അനുസരിക്കുന്നതിന് ഐക്യപ്പെട്ടാൽ സ്വർഗ്ഗസ്ഥനായ പിതാവിൽ നിന്നും അത് അവർക്ക് ലഭിക്കും. കാരണം, രണ്ടോ മൂന്നോ പേർ യേശുവിന്റെ നാമത്തിൽ കൂടുന്ന എല്ലായിടത്തും അവരുടെ മധ്യേ യേശു ഉണ്ട്. അവരുടെ പ്രാർത്ഥനയിൽ കർത്താവ് തന്നെ പങ്കുചേരുന്നു. പിതാവിനോട് നമുക്കായി കർത്താവ് മധ്യസ്ഥത ചെയ്തു കൊണ്ടിരിക്കുന്നതിനാൽ നമ്മുടെ യാചനകൾ പിതാവ് കേട്ട് ഉത്തരം നൽകും. വചനം അനുസരിക്കുന്നതിൽ നാം ഐക്യപ്പെടുമ്പോൾ യേശുവും നമ്മോട് ഐക്യപ്പെടുന്നു. അതിനാൽ സഭ, വചനം അനുസരിച്ചു കൊണ്ട് വചനപ്രകാരം എടുക്കുന്ന എല്ലാ തീരുമാനങ്ങളും സ്വർഗ്ഗത്തിൽ നിലനിൽക്കുന്നു.

സഭ എന്തെങ്കിലും ഒക്കെ തീരുമാനിച്ചാൽ ദൈവത്തിന്റെ അംഗീകാരം ഉണ്ടാവുകയില്ല. വചനം അനുസരിച്ചു കൊണ്ടായിരിക്കണം, വചനപ്രകാരം ആയിരിക്കണം അത്. സഭയ്ക്കുള്ള അധികാരം അതുമാത്രമാണ്. സഭയുടെ തല (കേന്ദ്രം) യേശുക്രിസ്തുവാണ് എന്നത് മറക്കുവാൻ പാടില്ല.

നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും, നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു (മത്തായി 18:18). ഇത് നമുക്കുള്ള ശ്രേഷ്ഠമായ വാഗ്ദാനവും ആണ്. നമുക്ക് ഒരു നാഥൻ ഉണ്ട്. നാം എവിടെ കൂടിയാലും അവിടുത്തെ നാമത്തിൽ ആയിരിക്കണം. അവിടുന്ന് നമ്മുടെ മധ്യത്തിൽ ഉണ്ടായിരിക്കും. അവിടുത്തെ

**ഓരോ പ്രശ്നം അഭിമുഖീകരിക്കുമ്പോഴും, അത് ഏത് തരത്തിലുള്ളതാണെങ്കിലും, ദൈവഹിത പ്രകാരം നമ്മിൽ വരുത്തേണ്ട മാറ്റത്തിനുള്ള അവസരമായി അതിനെ സ്വീകരിക്കണം. ദൈവസന്നിധിയിൽ നമ്മെത്തന്നെ താഴ്ത്തി പ്രാർത്ഥിക്കണം.**

സാന്നിധ്യത്തെ കുറിച്ചു ബോധ്യം ഉള്ളവരായി അവിടുത്തേക്ക് യോഗ്യമായ ബഹുമാനം നൽകുവാൻ നാം ശ്രദ്ധിക്കണം. ഈ കാര്യത്തിൽ നാം ഉത്സാഹികളായാൽ നമ്മുടെ എല്ലാ കൂടിവരവുകളും വളരെ പ്രത്യേകതകൾ ഉള്ളതും ദൈവസാന്നിധ്യത്തിന്റെ മാധുര്യം അനുഭവിക്കുന്നതും ആയിരിക്കും. ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയങ്ങളിലേക്ക് ഒഴുകപ്പെടുന്നതിനാൽ, അന്യോന്യം സ്നേഹിക്കുന്ന അനുഭവം നമ്മുടെ കൂടിവരവുകളെ പരിപോഷിപ്പിക്കും. തൽഫലമായി നാം ഉത്സാഹികളും കർമ്മനിരതരും ആയിത്തീരും.

ദൈവത്തെ അനുസരിക്കുന്നതിൽ അഥവാ അവിടുത്തെ വചനം അനുസരിക്കുന്നതിലാണ് നാം ശ്രദ്ധിക്കേണ്ടത്.വചനപ്രകാരം ഐക്യതയോടെ പ്രാർത്ഥിക്കുവാൻ കഴിയുന്നത് നമ്മുടെ വിജയത്തിനും പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കുന്നതിനും ആധാരമാണ്. വിശ്വാസികളുടെ ഇടയിൽ ഐക്യത നിലനിർത്തുന്നതിനും പ്രത്യേകം ശ്രദ്ധയുണ്ടാകണം. ഐക്യത ഇല്ലാതെ വന്നാൽ നാം ദുർബലരായി മാറുകയാണ്. സഭയുടെ ആരോഗ്യവും ശക്തിയും ആണ് ഐക്യത. കർത്താവിന്റെ പഠിപ്പിക്കലിലും, അപ്പോസ്തലന്മാരുടെ ഉപദേശങ്ങളിലും ഐക്യതയ്ക്ക് വളരെ പ്രാധാന്യം നൽകിയിരിക്കുന്നു. നമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടത് ഐക്യതയ്ക്ക് അനിവാര്യമാണ്. വാശിയും വൈരാഗ്യവും വെച്ചുപുലർത്തിയുള്ള ആത്മീയജീവിതം ഒരിക്കലും സാധ്യമല്ല. സ്നേഹവും ക്ഷമയും ആണ് ആത്മികതയുടെ അസ്ഥിവാരം. ●

അതോ പകയാണോ? ഈ ഒരു തീരുമാനം ഞാനെടുക്കുമ്പോൾ എന്നിൽ അസൂയ കടന്നുകൂടിയിട്ടുണ്ടോ? എന്റെ സഹോദരൻ എന്നെക്കാൾ വളരുന്നത് എനിക്കു സഹിക്കാൻ കഴിയുന്നുണ്ടോ? അവന്റെ ബിസിനസ് വളരുന്നതിൽ, പ്രസംഗം നന്നാകുന്നതിൽ, പാട്ടു കൂടുതൽ മധുരമാകുന്നതിൽ എനിക്കു സന്തോഷിക്കാൻ പറ്റുന്നുണ്ടോ? അതോ അവന്റെ വളർച്ച എന്നെ അലോസരപ്പെടുത്തുന്നുണ്ടോ? എന്റെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്ന് എനിക്കു നിർബന്ധമുണ്ടോ? അതിനുവേണ്ടി ഞാൻ ശഠിക്കുന്നുണ്ടോ? എങ്കിൽ ഒരു സംശയവും വേണ്ട! ഇത് ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൗമികവും പ്രാകൃതവും പൈശാചികവുമായതത്രേ! (യാക്കോബ് 3: 15). ഭൗമികം (worldly), പ്രാകൃതം (of the flesh sensual), പൈശാചികം (devilish).

പലപ്പോഴും ജീവിതത്തിൽ ഒരു തീരുമാനം എടുക്കേണ്ടിവരുമ്പോൾ ദൈവഹിതത്തിനു തങ്ങളെത്തന്നെ ഏല്പിക്കുന്നതിനു മനസ്സില്ലാതെ സ്വന്തബുദ്ധിയിൽ ആശ്രയിച്ചിട്ട് ''ഓ, അതു മാനുഷികമല്ലെ...'' എന്നു നാം ആശ്വസിക്കുന്നുണ്ടാകാം. എന്നാൽ 'ഉയരത്തിൽ' നിന്നല്ലാത്ത തീരുമാനത്തെ 'മാനുഷികം' എന്നു വിളിച്ച് ആശ്വസിക്കാൻ വരട്ടെ... യാക്കോബ് പറയുന്നത് അത് 'ഭൗമികവും പ്രാകൃതവും പൈശാചികവും' എന്നാണ്.

''ഉയരത്തിൽ നിന്ന്'' എന്നതു യെഹൂദചിന്തയിൽ ''ദൈവത്തിൽ നിന്ന്'' എന്നു തന്നെയാണ്. "ഉയരത്തിലുള്ളതു ചിന്തിപ്പിൻ" (കൊലോസ്യർ 3: 1) എന്നു പൗലൊസ് പറയുന്നതും ഇതേ അർഥത്തിലാണ്. നമ്മുടെ ജ്ഞാനം ദൈവത്തിൽ നിന്നുള്ളതല്ലെങ്കിൽ അതു വളരെ അപകടകരമാണ്... പിന്നെ നമ്മെ നിയന്ത്രിക്കുന്നത് ലോകവും ജഡവും പിശാചുമായിരിക്കും (world, flesh and devil).''ഈർഷ്യയും (അസൂയ) ശാഠ്യവും ഉള്ളിടത്ത് കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്''(യാക്കോബ് 3:16). മനുഷ്യന് അസൂയ മുഴുത്തുകഴിഞ്ഞാൽ അവൻ എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥയിലായിത്തീരുന്നു... എന്തു ചെയ്യണമെന്നറിയാത്ത അവസ്ഥയിൽ അവൻ എന്തും ചെയ്തുപോകും! ''എന്നാൽ, ഉയരത്തിൽനിന്നുള്ള ജ്ഞാനമോ,

**എന്റെ സഹോദരൻ എന്നെക്കാൾ വളരുന്നത് എനിക്കു സഹിക്കാൻ കഴിയുന്നുണ്ടോ? അവന്റെ ബിസിനസ് വളരുന്നതിൽ, പ്രസംഗം നന്നാകുന്നതിൽ, പാട്ടു കൂടുതൽ മധുരമാകുന്നതിൽ എനിക്കു സന്തോഷിക്കാൻ പറ്റുന്നുണ്ടോ? അതോ അവന്റെ വളർച്ച എന്നെ അലോസരപ്പെടുത്തുന്നുണ്ടോ?**

ഒന്നാമതു നിർമലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതുമാകുന്നു" (യാക്കോബ് 3: 17).

ഭൂമിയിൽ നിന്നുള്ള ജ്ഞാനം കലക്കവും ആശയക്കുഴപ്പവും ദുഷ്പ്രവൃത്തികളുമാണ് പുറപ്പെടുവിക്കുന്നതെങ്കിൽ ഉയരത്തിൽ നിന്നുള്ള (ദൈവത്തിൽ നിന്നുള്ള) ജ്ഞാനം സമാധാനവും ശാന്തതയുമാണുണ്ടാക്കുന്നത്. ദൈവത്തെ അനുസരിച്ചു ജീവിക്കുന്നവന്റെ ശാന്തതയും സമാധാനവും മറ്റൊരാൾക്കു പറഞ്ഞാൽ മനസിലാവുകയില്ല. ഇയാൾക്ക് എങ്ങനെയാണ് ഇത്ര ശാന്തതയോടെ ഈ കൊടുങ്കാറ്റുകളെ നേരിടാൻ കഴിയുന്നത് എന്ന് മറ്റുള്ളവർ സംശയത്തോടെ ചോദിച്ചേക്കാം. കാരണം, ദൈവികജ്ഞാനത്തിൽ നിന്നുളവാകുന്ന ശാന്തത ''സകലബുദ്ധിയെയും കവിയുന്ന സമാധാനമാണ്" (ഫിലിപ്യർ 4: 7).

ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഒന്നാമത് നിർമലമാണ്– കലർപ്പില്ലാത്തതാണ്! മനസ്സിലൊന്നുവെച്ച് മറ്റൊന്നു കാണിക്കുന്നതല്ല ഉയരത്തിലെ ജ്ഞാനം. നമ്മുടെ ഹൃദയത്തെ കീറിനോക്കിയാൽ അതിന്റെ കോണിൽപ്പോലും കളങ്കമൊന്നും കാണാത്തതാണ് ഉയരത്തിൽനിന്നുള്ള ജ്ഞാനം! അവിടെ പക്ഷപാതമില്ല, കാപട്യമില്ല... ഉള്ളത് അനുസരണവും കരുണയും സൽഫലവും!

ഉയരത്തിൽ നിന്നുള്ള ജ്ഞാനം ഒരിക്കലും ഒരാളെ അഹങ്കാരിയാക്കുന്നില്ല. അവൻ നന്മ ചെയ്യുന്നുണ്ട്; കരുണ കാണിക്കുന്നുണ്ട്...


എന്നാൽ അവനറിയാം ഇതൊന്നും അവന്റെ നന്മയല്ല... അവന്റെ ജ്ഞാനത്തിന്റെ ഉറവ ദൈവമാണ്. അവന്റെ നന്മയുടെയും കരുണയുടെയും എല്ലാം ഉറവ ദൈവമാണ്. ആ തിരിച്ചറിവാണ്, ജ്ഞാനമാണ് അവനെ സൗമ്യതയുള്ളവനാക്കുന്നത്. ഒരാൾ ചീത്തവിളിക്കുമ്പോഴും സൗമ്യതയോടെ, അയാളുടെ മുഖത്ത് ശാന്തതയോടെ നോക്കി പുഞ്ചിരിക്കാൻ ഒരുവന് കഴിയുന്നത് അവനിൽ അസൂയയും ശാഠ്യവും ഇല്ലാത്തതു കൊണ്ടാണ്. അസൂയയും ശാഠ്യവും ഉള്ളവന് സൗമ്യനായി (മൗനമായി) ഇരിക്കാൻ കഴിയില്ല. അവന് സ്വയപ്രശംസ ഒഴിവാക്കാൻ കഴിയില്ല... കാരണം, അവന് താൻ മറ്റുള്ളവരെക്കാൾ കേമനാണെന്ന് തെളിയിക്കണമല്ലോ. അതിനു വേണ്ടി സഹോദരനെതിരെ ''സത്യത്തിനു വിരോധമായി ഭോഷ്കു പറയാനും" അസൂയാലു മടിക്കില്ല (യാക്കോബ് 3: 14).

ജ്ഞാനത്തിന്റെ ലക്ഷണവും ഫലവുമാണു സൗമ്യത എന്നു നാം കണ്ടു. അതു ശരിയാണ്. ജ്ഞാനത്തിന്റെ ഉറവ് ഉയരത്തിൽ നിന്ന്- ദൈവത്തിൽ നിന്ന് - ആണെങ്കിൽ അവന് സൗമ്യനാവാനേ പറ്റൂ. കാരണം, സൗമ്യതയുടെ മൂർത്തീകരണം ആണല്ലോ യേശു. ''ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകായാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ'' (മത്തായി 11: 29) എന്നാണല്ലോ യേശു പറഞ്ഞത്. 'ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്ന് മധുരവും കയ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ?'' (യാക്കോബ് 3: 11). യേശുവാണ് എന്റെ ജ്ഞാനത്തിന്റെ ഉറവിടമെങ്കിൽ എന്നിൽനിന്ന് സൗമ്യതയല്ലാതെ മറ്റെന്തെങ്കിലും പുറത്തു വരുമോ?

സാഹചര്യങ്ങളോടുള്ള നമ്മുടെ പ്രതികരണം വിശകലനം ചെയ്യാൻ നമ്മെ പഠിപ്പിക്കണമെ എന്ന് നമുക്ക് പ്രാർത്ഥിക്കാം... ശാഠ്യവും അസൂയയുമാണ് എന്നെ സൗമ്യനല്ലാതാക്കുന്നത് എന്നു ദൈവത്തോട് ഏറ്റുപറയാം. നമ്മുടെ ജ്ഞാനത്തിന്റെ ഉറവ എപ്പോഴും സൗമ്യതയും താഴ്മയുമുള്ള യേശു മാത്രമായിരിക്കട്ടെ... ആമേൻ. •

# ആത്മബന്ധം തുടങ്ങുന്നതിനും തുടരുന്നതിനും

ശരിയായ ജ്ഞാനത്തിന്റെ അടയാളം വിനയമാണ്. താഴ്മ യഥാർത്ഥ ജ്ഞാനത്തിന്റെ ഫലങ്ങളിലൊന്നാണ്. ദൈവത്തിൽ നിന്നുള്ള ജ്ഞാനം പ്രാപിച്ചവർ തങ്ങളെത്തന്നെ പുകഴ്ത്തി സംസാരിക്കുകയോ അല്ല, തങ്ങൾ മാത്രമാണ് തികഞ്ഞവർ എന്ന് പറയുകയോ ഇല്ല. അവർ ഭോഷത്തരങ്ങളോ, ദുഷ്ടതയോ ചെയ്യുന്നില്ല. സ്വർഗീയജ്ഞാനം ഏറ്റവും പ്രഥമമായി നിർമലമായിരിക്കും; കൂടാതെ സമാധാനമുള്ളതും സൗമ്യവും വിധേയത്വമുള്ളതും കാരുണ്യമുള്ളതും സത്ഫലങ്ങൾ നിറഞ്ഞതും പക്ഷഭേദരഹിതവും നിഷ്കപടവുമായിരിക്കും. ദൈവഹിതം അറിയുക എന്നത് സകല ജ്ഞാനത്തിലും ഏറ്റവും ഉയർന്നതാണ്. ക്രിസ്തുകേന്ദ്രീകൃതമായി ജീവിക്കുന്നതിനാൽ, മതത്തിന്റെ പ്രയോജനരഹിതമായ എല്ലാ അനുഷ്ഠാനങ്ങളും അസത്യങ്ങളും ഒഴിവാക്കുവാൻ സാധിക്കുന്നു. അങ്ങനെ ദൈവത്തോട് സജീവമായ ഒരു ആത്മബന്ധം തുടങ്ങുന്നതിനും തുടരുന്നതിനും കഴിയുന്നു. അതിനാൽ ദൈവസേവയിൽ ആത്മാർത്ഥതയുടെ മുദ്ര പതിപ്പിക്കുവാനും കഴിയും. ദൈവിക പരിജ്ഞാനത്തിനു പുറത്താണെങ്കിൽ ജീവിതം ദയനീയമായിരിക്കും; എന്നാൽ ദൈവഹിതത്തിലാണെങ്കിൽ പ്രതിബന്ധങ്ങളുടെ മദ്ധ്യേ പോലും ഹൃദയത്തിൽ നിരന്തര സമാധാനമുണ്ടാകും. ജീവിതം ദൈവിക പരിജ്ഞാനത്തിലും ദൈവഹിതപ്രകാരവും ആണെങ്കിൽ കഷ്ടപ്പാടുകൾക്കിടയിലും സന്തോഷിക്കാം. അവിടുത്തെ ഇഷ്ടത്തിന് പുറത്താണെങ്കിൽ, ഈ ലോകത്തിന്റെ എത്ര വലിയ പ്രശംസയുടെയും പ്രശസ്തിയുടെയും നടുവിൽപ്പോലും ജീവിതം പരാജയമാകാം. ഈ തിരിച്ചറിവ് പ്രാപിക്കുന്നത് ദൈവികപരിജ്ഞാനത്താൽ മാത്രമാണ്. •



# അഭിമാനമായി ചന്ദ്രയാൻ 3

139 കോടി ഇന്ത്യക്കാരുടെ അഭിമാന സാക്ഷാൽക്കാരമായി ചന്ദ്രയാൻ 3 എന്ന പേടകം രഹസ്യങ്ങളുടെ കലവറയായ ചന്ദ്രന്റെ മണ്ണിൽ സുരക്ഷിതമായി ഇറങ്ങിയ വാർത്ത 2023 ഓഗസ്റ്റ് 24 ലെ മലയാളമനോരമ ദിനപത്രം ഉൾപ്പെടെ എല്ലാ മാധ്യമങ്ങളും റിപ്പോർട്ട് ചെയ്തിരുന്നല്ലോ. ലക്ഷ്യബോധത്തിന്റെയും കൂട്ടായ്മയുടെയും ഗംഭീരവിജയമായിരുന്നു ഇത്. ഒരു രാജ്യവും ഇതുവരെ കൈവരിച്ചിട്ടില്ലാത്ത നേട്ടമാണ് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ ഇന്ത്യയുടെ ചന്ദ്രയാൻ 3 ലാൻഡർ മൊഡ്യൂൾ ലാൻഡ് ചെയ്ത സംഭവം. 2019 ലെ ചന്ദ്രയാൻ 2 ദൗത്യം അവസാനനിമിഷം ചെറു തകരാർ കാരണം പരാജയപ്പെട്ടിരുന്നു. ആ പോരായ്മകളിൽ നിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് തിരിച്ചടികളെ അതിജീവിക്കുവാൻ ഉള്ള കരുത്ത് ഇന്ത്യൻ ശാസ്ത്രമേഖലയ്ക്ക് ഉണ്ടെന്ന് ഐഎസ്ആർഒയിലെ ശാസ്ത്രജ്ഞന്മാർ തെളിയിച്ചു. ഈ മഹാദൗത്യത്തിൽ വിജയിക്കുന്നതിനു ദീർഘനാളുകൾ അത്യധ്വാനം ചെയ്ത ശാസ്ത്രജ്ഞന്മാർക്കും ബഹുനിലകളിൽ അവരെ സഹായിച്ചവർക്കും പ്രോത്സാഹിപ്പിച്ചവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.

അനേകവർഷങ്ങളിലെ അന്വേഷണത്തിന്റെയും അധ്വാനത്തിന്റെയും ഉത്തരമായിരുന്നു ഈ വിജയം. ഇതുവരെ ലഭ്യമായ കണക്കനുസരിച്ച് ചന്ദ്രയാൻ 3 ദൗത്യത്തിനായി 625 കോടി രൂപയാണ് ചെലവ്. ഭാവിയിലെ ഗ്രഹാന്തര ദൗത്യങ്ങൾക്കുള്ള തുടക്കം കുറിക്കലാണ് ചന്ദ്രയാൻ 3 ന്റെ വിജയം എന്ന് ഇന്ത്യൻ ബഹിരാകാശ ഗവേഷണസ്ഥാപനത്തിന്റെ ചെയർമാൻ എസ് സോമനാഥ് പറഞ്ഞു. ഭാവിയിൽ ചൊവ്വായുടെ പ്രതലത്തിലും ഇറങ്ങുന്നതിനുള്ള ആത്മവിശ്വാസമാണ് ഈ വിജയം നമ്മുടെ ശാസ്ത്രജ്ഞന്മാർക്ക് നൽകുന്നത്.

ചന്ദ്രനിൽ ആണവനിലയം സ്ഥാപിക്കുന്ന പദ്ധതിയും നാസയുടേതുൾപ്പെടെ സ്വപ്നങ്ങളിലുണ്ട്. 2021 നെ തുടർന്നുള്ള എട്ടുവർഷത്തിനുള്ളിൽ ചന്ദ്രനിൽ ആണവനിലയം നാസ പദ്ധതിയിട്ടിരുന്നു. ചന്ദ്രനിൽ കോളനിയും ഖനിയുമൊക്കെ ലക്ഷ്യമാക്കിയാണ് നാസയുടെ അടുത്ത ചന്ദ്രയാത്ര കണക്കാക്കപ്പെടുന്നത്. വീണ്ടും ചന്ദ്രനിലേക്ക് യാത്രക്കാരെ അയയ്ക്കാനാണു നാസയുടെ പദ്ധതിയായ ആർട്ടിമിസ് ലക്ഷ്യമിടുന്നത്. ദീർഘകാലത്തേക്ക് മനുഷ്യസാന്നിധ്യം ചന്ദ്രനിൽ ഉറപ്പിക്കുക എന്നതടക്കമുള്ള വിശാലമായ ലക്ഷ്യങ്ങൾ അമേരിക്കയുടെ നേതൃത്വത്തിലുള്ള ആർട്ടിമിസ് പദ്ധതിക്കുണ്ട്. ചന്ദ്രനിലെ ദീർഘകാല ലക്ഷ്യങ്ങൾക്ക് ചന്ദ്രയാൻത 3 വഴി ലഭിക്കുന്ന വിവരങ്ങൾ തങ്ങൾക്കും ഉപകാരപ്പെടുമെന്നാണ് നാസയുടെ കണക്കുകൂട്ടൽ.

സമാധാനപരമായ ബഹിരാകാശ പര്യവേഷണം ലക്ഷ്യം വെക്കുന്ന ആർട്ടിമിസ് ഉടമ്പടിയിൽ അടുത്തിടെയാണ് ഇന്ത്യ ഒപ്പുവെച്ചത്. ചന്ദ്രനു പുറമേ ചൊവ്വയിലേക്കും അതിനും അപ്പുറത്തേക്കുമുള്ള ദൗത്യങ്ങൾക്കായി സഹകരിക്കുകയാണ് ആർട്ടിമിസ് ഉടമ്പടി കൊണ്ടു ലക്ഷ്യം വെക്കുന്നത്. ഇതുവരെ ഇന്ത്യ അടക്കം 27 രാഷ്ട്രങ്ങൾ ഈ ഉടമ്പടിയുടെ ഭാഗമായിട്ടുണ്ട്. 2024 ൽ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക് പോകുന്ന ഐ.എസ്.ആർ.ഒ യുടെ ബഹിരാകാശ സഞ്ചാരികൾക്ക് വേണ്ട പരിശീലനം നാസ നൽകും എന്നും വൈറ്റ് ഹൗസ് പുറത്തിറക്കിയ കുറിപ്പിൽ പറയുന്നു.

ചന്ദ്രനിൽ പര്യവേഷണം നടത്തുന്ന പേടകത്തിലുള്ള ആൽഫ പാർട്ടിക്കിൾ എക്സ്റേ സ്പെക്ട്രോമീറ്റർ എന്ന ഉപകരണമാണ് ചന്ദ്രനിലെ മണ്ണും മൂലകങ്ങളും പരീക്ഷിക്കുക. ലേസർ ഇൻഡ്യൂസ്ഡ് ബ്രേക്ഡൗൺ സ്പെക്ട്രോസ്കോപ് വഴി ചന്ദ്ര ഉപരിതലത്തിലെ രാസവസ്തുക്കളെ കുറിച്ച് അറിയാമെന്നു പ്രതീക്ഷിക്കുന്നു. ചന്ദ്രനെക്കുറിച്ചു മാത്രമല്ല ഭൂമിയെക്കുറിച്ചും വിദൂരതയിലിരുന്നു കൊണ്ട് ചന്ദ്രയാൻ 3 വിവരങ്ങൾ ശേഖരിക്കും. ഭാവിയിൽ ഭൂമിയുടേതിനു സമാനമായ ഗ്രഹങ്ങളെ കണ്ടെത്തുന്നതിന് ഈ വിവരങ്ങൾ സഹായിച്ചേക്കും.

ഇതിനായി അധ്വാനിച്ച ശാസ്ത്രജ്ഞരുടെ ഉത്സാഹവും ജാഗ്രതയും നിത്യതയെ ലാക്കാക്കി യാത്ര ചെയ്യുന്ന മോക്ഷയാത്രികർക്കു ഒരു മുന്നറിയിപ്പും മാതൃകയും ആയിരിക്കട്ടെ.

# മാനസാന്തരം അനുതാപത്തോടെ

**പാ**പിയുടെ മാനസാന്തരത്തിൽ സന്തോഷിക്കുന്ന ദൈവം അനുതാപത്തോടും ഏറ്റുപറച്ചിലോടും മടങ്ങിവരുന്ന വിശുദ്ധന്മാരിലും സന്തോഷിക്കുമെന്ന് വചനം വെളിപ്പെടുത്തുന്നു. സ്വയം നീതീകരിച്ച് പ്രാർത്ഥിച്ച പരീശന്റെയും അനുതാപത്തോടും ഏങ്ങലടിയോടും പ്രാർത്ഥിച്ച ചുങ്കക്കാരന്റെയും കഥ ലൂക്കോസ് വിവരിക്കുന്നതു നമ്മുടെ കണ്ണ് തുറപ്പിക്കുന്നതാണ്. ചുങ്കക്കാരൻ പാപം ക്ഷമിക്കപ്പെട്ട് ദൈവത്താൽ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് പോയി എന്നാണ് എഴുതിയിരിക്കുന്നത്. പ്രസിദ്ധമായ ധൂർത്തുപുത്രന്റെ കഥയിലും താൻ നടന്ന പാപവഴികളിൽ അനുതപിച്ച് പിതാവിനോടും സ്വർഗ്ഗത്തോടും പാപം എണ്ണി ഏറ്റുപറഞ്ഞ് മടങ്ങിവന്നപ്പോഴാണ് മനസ്സലിവിന്റെ നീർച്ചാലുകൾ പിതാവിന്റെ കൺകോണുകളിലൂടെ ഒഴുകിയത്. അതുവഴിയാണ് നഷ്ടപ്പെട്ടുപോയ പുത്രത്വം യഥാസ്ഥാനപ്പെട്ടത്.

ദൈവത്തിന്റെ പ്രത്യേക തെരഞ്ഞെടുപ്പും അഭിഷേകവും രാജസ്ഥാനവും ലഭിച്ച ദാവീദ് കണ്മോഹത്തിലൂടെ പാപത്തിന്റെ രഹസ്യപദ്ധതികൾ ആസൂത്രണം ചെയ്ത് മുന്നോട്ട് ഗമിക്കുമ്പോഴാണ് പ്രവാചക ഇടപെടലിലൂടെ അനുതാപത്തോടെ ദൈവത്തിങ്കലേക്ക് അലറിക്കരഞ്ഞ് മടങ്ങിവന്നത്! അനുതപിച്ച് പാപം ഏറ്റുപറഞ്ഞുപേക്ഷിച്ച ദാവീദിനോട് അതിരുകളില്ലാത്ത ദയയാണ് ദൈവം കാട്ടിയതെന്ന് തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. ദാവീദുപുത്രൻ, ദാവീദിന്റെ വേര്, എന്നീ പേരുകളിൽ അറിയപ്പെടാൻ പരിശുദ്ധിയുടെ ആൾരൂപമായ ദൈവപുത്രൻ ലജ്ജിച്ചിരുന്നില്ല! അതെ, അശുദ്ധിയിൽ വീണുപോയ വിശുദ്ധനും അനതാപ വഴിയിലൂടെ ദൈവ സന്നിധിയിലേക്ക് വീണ്ടും വരാനുള്ള സാധ്യതയുണ്ടെന്ന് ദാവീദിന്റെ ജീവിതം ഉദാഹരിക്കുന്നു.

അനുതാപത്തോടെയുള്ള മാനസാന്തരത്തിന്റെ പ്രാധാന്യം കൊരിന്തിലെ വിശ്വാസികളെ പ്രബോധിപ്പിച്ച പൗലോസ് അതിനായി അവരെ ദു:ഖിപ്പിച്ചതിൽ ഖേദിച്ചില്ല. അനുതപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യുന്ന ഓരോ വ്യക്തിയോടും സമൂഹത്തോടും സ്വർഗം കരുണ കാട്ടുമെന്ന് നിനവേക്കാരുടെ മാനസാന്തരവും ചരിത്രത്താളുകളിൽ ഉണ്ട്. എല്ലാവരും അനുതപിച്ച് ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ വേണ്ടിയാണ് കർത്താവ് തന്റെ വരവ് താമസിപ്പിക്കുന്നത് എന്ന പത്രോസിന്റെ ചിന്തയും അനതാപത്തിന്റെയും മാനസാന്തരത്തിന്റെയും മഹത്വം വെളിപ്പെടുത്തുന്നു. അനുതാപവും മടങ്ങിവരവും നമ്മിൽനിന്നു ഉണ്ടാകുമ്പോൾ സ്വർഗ്ഗത്തിൽ നിന്ന് കരുണയും കൃപയും നമ്മിലേക്ക് ഒഴികിയെത്തും! സംശയമില്ല.

**-എംസി**


**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

*Bank Account Details:*
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.


*അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.*


RNI No. KERMAL/2012/46138
Date of Publishing 10.09.2023

NERVEEDHI - SEPTEMBER 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)


Postal Registration No. KL/KTM/150/2023-2025

# ആർ. പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ




മനുഷ്യജീവിതം പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞതാണ്. എന്നാൽ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ദൈവം മനുഷ്യന് നൽകിയിട്ടുണ്ട്. ജീവിതപ്രശ്നങ്ങളെ ദൈവാശ്രയത്തോടെ ഫലപ്രദമായി നേരിടുന്നത് എങ്ങനെയെന്ന് ദൈവവചനത്തിന്റെയും നിരവധി ജീവിതാനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ ബ്രദർ ജോയ് എം. തോമസ് നിങ്ങളോട് വിശദീകരിക്കുന്നു.




ഉഷസ്സുതോറുമുള്ള വചന ധ്യാനം അകത്തെ മനുഷ്യനു കരുത്തേകും വർഷത്തിലെ ഓരോ ദിനവും ധ്യാനിക്കുവാൻ പണ്ഡിതരായ ദൈവ ദാസന്മാർ ശുപാർശ ചെയ്യുന്ന ഉത്തമ ഗ്രന്ഥം.

**സന്തുഷ്ട കുടുംബജീവിതത്തിനൊരു മാർഗ്ഗരേഖ**




Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക്:
Mob: 9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.